Resolutions.

Resolution No. I.

നീതിന്യായവകുപ്പിലെ ഉദ്യോഗസ്ഥന്മാർ

MR. P. NANOO : സർ, ഈ സഭയുടെ അംഗീകാരത്തിനായി ഞാൻ ഹാജരാക്കുന്ന പ്രമേയം ഇതാണ്.

"നീതിന്യായവകുപ്പിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ കായ്ശേഷിയോ, സ്വഭാവഗുണമോ ഇല്ലാത്തവരോ കുറഞ്ഞവരോ, അയ അതുകളെ കണ്ടുപിടിച്ചു അവരെ പിരിച്ചുവിടുകയോ, അല്ലാത്തപക്ഷം അവർ അർഹിക്കുന്ന മറ്റു ജോലികളിൽ നിയമിക്കുകയോ ചെയ്യണമെന്നു ഈ അസംബ്ലി അഭിപ്രായപ്പെടുന്നു." തിരുവിതാംകൂറിൽ മറ്റു ഡിപ്പാർട്ടുമെൻറുകളിലും കായ്ശേഷിയോ സ്വഭാവഗുണമോ ഇല്ലാത്തവർ ഉള്ളപ്പോൾ നീതിന്യായവകുപ്പിനെ സംബന്ധിച്ചുമാത്രം ഈ പ്രമേയം അവതരിപ്പിക്കുന്നതു് എന്തിനാണെന്നു സ്വാഭാവികമായ ഒരു ചോദ്യത്തിൻ വകയുണ്ടു്. നീതിന്യായവകുപ്പാണു് നമ്മുടെ രാജ്യത്തുള്ള ജനങ്ങളുടെ സ്വത്തുക്കളും പണവും അഭിമാനവും ജീവൻതന്നെയും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതു്. ആ നിലയിൽ നീതിന്യായവകുപ്പിനു മറ്റു ഡിപ്പാർട്ടുമെൻറുകളെ അപേക്ഷിച്ചു കൂടുതൽ ഒരു പ്രാധാന്യം ഉള്ളതുകൊണ്ടാണു് ഞാൻ ഈ വകുപ്പുമാത്രം ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. ഇവിടെ പത്തു പന്ത്രണ്ടു കൊല്ലത്തിനുമുൻപ് ഇന്നു ഈ വകുപ്പിൽ കാണുന്ന അനീതിയോ ശേഷിക്കുറവോ സ്വഭാവഗുണക്കുറവോ ഉണ്ടായിരുന്നില്ലെന്നു പറയേണ്ടി വന്നിരിക്കുന്നു.

ഈ പന്ത്രണ്ടു കൊല്ലത്തിനുമുൻപു നീതിന്യായവകുപ്പിന്റെ അധികാരസ്ഥാനങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇന്നത്തേക്കാൾ കായ്ശേഷിയുള്ളവരായിരുന്നു എന്നുള്ളതു ആ സ്ഥാപനവുമായി അടുത്തു പരിചയമുള്ളവർ നിശ്ചയമായി അഭിപ്രായപ്പെടും. എന്നാൽ കൈക്കൂലി കായ്ത്തിൽ അന്നത്തെ നില ഇന്നത്തെതിനേക്കാൾ ഭേദമായിരുന്നോ എന്നു പറയുവാൻ അത്രത്തോളംതന്നെ ഞാൻ ധൈര്യപ്പെടുന്നില്ല. പക്ഷേ കായ്ശേഷിയിൽ അന്നത്തെ നില മെച്ചംതന്നെ ആയിരുന്നു. ഈ പന്ത്രണ്ടുകൊല്ലംകൊണ്ടു നമ്മുടെ നീതിന്യായവകുപ്പു ഇങ്ങനെ അധഃപതിക്കുന്നതിനുള്ള കാരണം എന്താണെന്നു പരിശോധിച്ചാൽ എനിക്കു കാണാൻ കഴിയുന്ന പരമാർത്ഥം ഇതാണ്. ഇവിടെ രാഷ്ട്രീയപ്രക്ഷോഭങ്ങൾ ഉണ്ടായതു പത്തുപന്ത്രണ്ടുകൊല്ലം മുൻപുമുതൽക്കാണ്. അന്നു തിരുവിതാംകൂറിനെ ഭരിച്ചിരുന്ന അധികാരികൾ പലപ്പോഴും രാഷ്ട്രീയസംഘടനയ്ക്കുവേണ്ടി പലപല ഉദ്യോഗങ്ങളും നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ടു അപ്പ ക്ഷണങ്ങൾ വാരിക്കൊടുക്കുന്നതുപോലെയാണു അന്നു ഉദ്യോഗങ്ങൾ കൊടുത്തതു്. അതിന്റെ ഫലമായി ശേഷിയുള്ളവർ ശേഷിയില്ലാത്തവർ, ശേഷികുറഞ്ഞവർ, സ്വഭാവഗുണമുള്ളവർ, സ്വഭാവഗുണമില്ലാത്തവർ, സ്വഭാവഗുണംകുറഞ്ഞവർ ഇങ്ങനെ വിവിധരീതിയിൽ പലരേയും ഈ വകുപ്പിൽ ഉദ്യോഗസ്ഥന്മാരായി നിയമിച്ചിട്ടുണ്ടു്. അന്നിരുന്ന കാര്യശേഷിയുള്ള ഉദ്യോഗസ്ഥന്മാരുടെ തലക്കുമുകളിൽ അവരിൽ ചിലരെ പ്രമോഷൻകൊടുത്തു കയറ്റിവച്ചിട്ടുണ്ടു്. ഇതിന്റെയെല്ലാം ഫലമായി ഇവിടത്തെ പൊതുജനങ്ങൾക്കു് ഇവിടത്തെ നീതിന്യായവകുപ്പിൽ വിശ്വാസമില്ല എന്നു വന്നിട്ടുണ്ടു്. ഇവിടെ നീതിന്യായം വിലക്കു വാങ്ങിക്കാം എന്നുവിചാരിക്കുന്നവർ ഒട്ടും കുറവല്ല. വില കൊടുത്താലും വിലകൊടുത്തില്ലെങ്കിലും നീതിന്യായം ലഭിക്കുന്നില്ല എന്നു വിചാരിക്കുന്നവരും കുറവല്ല. സ്വഭാവഗുണം എല്ലാ ഉദ്യോഗസ്ഥന്മാർക്കും അവശ്യമാണു്. നീതിന്യായവകുപ്പിൽ അതു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു കാര്യമാണു്. നിയമങ്ങളെല്ലാം നല്ലകാര്യങ്ങൾക്കു വേണ്ടിയാണു് ഉണ്ടാക്കിയിട്ടുള്ളതു്. ചിലപ്പോൾ നിയമം ചീത്തയായിതോന്നിയേക്കാം. നല്ല ഒരു നിയമം സത്യസന്ധതയില്ലാത്ത, ശേഷിയില്ലാത്ത ഒരു ഉദ്യോഗസ്ഥൻ നടപ്പാക്കുമ്പോൾ അതു ചീത്തയായിപ്പോകും. എന്നാൽ ചീത്തനിയമം നല്ല ആളാണു നടപ്പാക്കുന്നതെങ്കിൽ ആ നിയമത്തിന്റെ ദുഷ്യവശംതന്നെയും നമുക്കു അനുഭവപ്പെടാതെ വരും. അങ്ങനെ നോക്കുമ്പോൾ നീതിന്യായകോടതിയിൽ നിയമിക്കപ്പെടുന്നവർ യോഗ്യതയും ശേഷിയും സത്യസന്ധതയും ഉള്ളവർതന്നെ ആയിരിക്കണം. സമീപകാലത്തു ഈ ഡിപ്പാർട്ടുമെന്റിൽ ശേഷിയുള്ളവരെ അല്ല നിയമിച്ചിട്ടുള്ളതു്. ജുഡിഷ്യൽഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ ജോലി വളരെ വിഷമമുള്ളതാണു്. അതിനുതക്ക പ്രതിഫലം കിട്ടാത്തനിലയിലാണു ഇന്നത്തെ അവസ്ഥ. മുൻകാലങ്ങളിൽ, ജീവിതത്തിനുള്ള ചെലവു കുറഞ്ഞിരുന്നപ്പോൾ ആ ശമ്പളം മതിയെന്നു് അവർ കരുതിയിരുന്നു. ശമ്പളത്തിന്റെ അപര്യാപ്തത മറ്റു ഡിപ്പാർട്ടുമെന്റുകളേയും ബാധിച്ചുവെങ്കിലും ജുഡിഷ്യൽഡിപ്പാർട്ടുമെന്റിൽ ശമ്പളക്കുറവുനിമിത്തം പല അഴിമതികളും കൈക്കൂലികളും ധാരാളമായി നടക്കുന്നു. ഇതു ഈ രാജ്യത്തെ നിതിന്യായ...

MR. K. K. CHELLAPPAN PILLAI: ഇങ്ങനെ അവ്യക്തമായിട്ടല്ലാതെ കൈക്കൂലി വാങ്ങിക്കുകയോ മറ്റുതരത്തിൽ അഴിമതിനടത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ഒരാളിന്റെ പേർ പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO : ഏതെങ്കിലും ഒരു വ്യക്തിയുടെ പേർ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. സുഖക്കേടുണ്ടു്, അതിനു ചികിത്സിക്കണം എന്നാണു ഞാൻ പറയുന്നതു്. സുഖക്കേടു് ആക്കാണെന്നു പറയാൻ തയ്യാറില്ല.

MR. P. T. CHAKO (*Kottayam II—General*): സുഖക്കേടു് ആർക്കെന്നു അറിഞ്ഞു അയാളെ വേണ്ടേ ചികിത്സിക്കാൻ?

MR. P. NANOO : സുഖക്കേടെന്നു ഞാൻ പറഞ്ഞതു വ്യക്തിപരമായ സുഖക്കേടല്ല. ഞാൻ പറഞ്ഞതു കൈക്കൂലിയേയും അഴിമതിയേയുംപറ്റിയാണു്. ഇതു ഈ ഡിപ്പാർട്ടുമെൻറിൽകാണുന്ന സാമൂഹ്യസ്വഭാവമുള്ള ഒരുവക രോഗമാണു്.

MR. K. K. CHELLAPPAN PILLAI : ഒരു മെമ്പർ—കൈക്കൂലിയും അഴിമതിയും ഡിപ്പാർട്ടുമെൻറിൽ കാണുന്നതു് കക്ഷികൾ അതിനു പ്രേരിപ്പിച്ചിട്ടല്ലേ ?

MR. P. NANOO: വില കൊടുത്താൽ നീതിന്യായം കിട്ടുമെന്നുണ്ടെങ്കിൽ ഈ ഞാനും അതിനു തയാറാകും. പക്ഷെ ഗവണ്മെൻറിൻെറ ഉദ്ദേശം അതല്ല. ഉദ്യോഗസ്ഥന്മാർ അവരുടെ കാര്യം നോക്കാനല്ല അവിടെ ഇരിക്കുന്നതു്. നമ്മെയെല്ലാം പ്രതിനിധീകരിച്ചു എല്ലാവരുടേയും കാര്യം നോക്കുവാനാണു ഉദ്യോഗസ്ഥന്മാരെ വച്ചിരിക്കുന്നതു്. നീതിന്യായ വകുപ്പിലുള്ള പല ഉദ്യോഗസ്ഥന്മാരും കൈക്കൂലി വാങ്ങിക്കുന്നുണ്ടെന്നു് എനിക്കു് നേരിട്ടറിയാം. ഉദാഹരണത്തിനു ഒരെണ്ണത്തെപ്പറ്റി ഞാൻ പറയാം. സർ, ഒരു ഉദ്യോഗസ്ഥൻ ഒരു കേസ്സിനു് ഒരു കക്ഷിയിൽ നിന്നും അയിരം രൂപായും മറെറാരു കക്ഷിയിൽനിന്നു് ൫൦൦ രൂപയും വാങ്ങി. ആ കേസ്സിൽ അനവധി വസ്തുക്കൾ വ്യവഹാരപ്പെട്ടിരുന്നു. ആ വസ്തുക്കളിൽ ൯൰ഭാഗം നമ്പർ വസ്തുവിനെ സംബന്ധിച്ചു ൧൦൦൦ രൂപാ കൊടുത്ത കക്ഷിക്കു് അനുകൂലമായും ഒരു നമ്പർ വസ്തുവിനെ സംബന്ധിച്ചു ൫൦൦ രൂപാ കൊടുത്ത കക്ഷിക്കു അനുകൂലമായും വിധിച്ചു.

MR. CHERIYAN J. KAPPAN : ബഹുമാനപ്പെട്ട മെമ്പർക്കു് ഇതിൽ ഏതെങ്കിലും കക്ഷിയുടെ വക്കാലത്തുണ്ടായിരുന്നോ ?

MR. P. NANOO : എനിക്കു് അക്കാലത്തു വക്കാലത്തില്ലായിരുന്നു. എന്നാൽ അതിനു മുൻപുണ്ടായിരുന്നു

ഈ ൫൦൦ രൂപാക്കാരനു് കൊടുത്ത ഒരു നമ്പർ വസ്തുവിനു് പതിനായിരം രൂപാ വില കാണുമെന്നാണു ഉദ്യോഗസ്ഥൻ വിചാരിച്ചതു്. പക്ഷെ ൧൫൦ രൂപയുടെ വിലപോലും ഉണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. C. NARAYANA PILLAI (*Mavelikara I—General*) : ആ ഉദ്യോഗസ്ഥന്റെ പേരെങ്കിലും പറയുമോ ?

MR. P. NANOO : ഒരു ഉദ്യോഗസ്ഥന്റെയും പേരു പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ആ വ്യക്തിയുടെ പേർ ഇവിടെ പറഞ്ഞതു കൊണ്ടുമാത്രം കാര്യമായില്ല.

MR. THARIATHU KUNJITHOMMAN : ആ ഉദ്യോഗസ്ഥൻ ഇപ്പോൾ എവിടെ ഇരിക്കുകയാണെന്നു പറയാമോ ?

HON'BLE MR. A. J. JOHN : ആ ഉദ്യോഗസ്ഥന്റെ പേര് രഹസ്യമായിട്ടെങ്കിലും ഗവണ്മെന്റു അധികൃതരെ അറിയിക്കാനൊക്കുമോ ?

MR. P. NANOO : നിശ്ചയമായും അറിയാം. വേണമെങ്കിൽ കൂടുതൽ പേരുകളും പറയാം.

MR. G. CHANDRASEKHARA PILLAI : ഇപ്പോൾ ആ ഉദ്യോഗസ്ഥൻ എവിടെയാണിരിക്കുന്നതെന്നു പറയാമോ ?

MR. P. NANOO : ഏഴെട്ടുകൊല്ലത്തിനു മുൻപുണ്ടായിട്ടുള്ള ഒരു കേസാണിതു്.

MR. K. A. GANGADHARA MENON : ആ ഉദ്യോഗസ്ഥൻ ഇപ്പോൾ സർവീസിലുണ്ടോ ?

MR. P. NANOO : ഇല്ല.

MR. N. V. CHACKO : ആ ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങിയെന്നുള്ളതു് മെമ്പർ എങ്ങനെ അറിഞ്ഞു ?

MR. P. NANOO : ഞാൻ കണ്ണുരുന്നു നോക്കുന്നതുകൊണ്ടു എനിക്കതു കാണാൻ കഴിയും. ഇങ്ങനെയുള്ള കാര്യത്തിൽ ഞാൻ കണ്ണടയ്ക്കാറു് പതിവില്ല.

സർ, ഒടുവിൽ ആ നാട്ടുകാർ ഇരുന്നൂറു രൂപാ കൈക്കൂലി വാങ്ങിച്ചതു് തെറ്റായിപ്പോയി എന്ന അഭിപ്രായത്തിന്മേൽ, ഫ ൭ ൦ രൂപാ വിലവരുന്ന വസ്തു കിട്ടുവാൻ ൫ ൦ ൦ രൂപായുടെ കൈക്കൂലി വാങ്ങിക്കുന്നതു് ശരിയല്ലെന്നു വിചാരിച്ചു്, ആ ഉദ്യോഗസ്ഥനെ പിടികൂടുകയും ആ തുക തിരിയെ കൊടുക്കുകയുമാണുണ്ടായതു്.

HON'BLE MR. A. J. JOHN : ആ ഉദ്യോഗസ്ഥൻ സർവ്വീസിൽനിന്നും പെൻഷൻപറ്റിയാണോ, അതോ ശിക്ഷിച്ചാണോ പിരിഞ്ഞതു് ?

MR. G. RAMACHANDRAN : ഇതു വളരെ ഗൗരവതരമായ ഒരാരോപണം ഒരു ഉദ്യോഗസ്ഥനെപ്പറ്റി പറയുമ്പോൾ ആ ആളിന്റെ പേർകൂടി പറയേണ്ടതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO : അങ്ങനെ പേരു പറയുകയാണെങ്കിൽ ഒരു ഉദ്യോഗസ്ഥന്റെ പേരുമാത്രം പറഞ്ഞാൽ പോരാ, അനവധി ആളുകളുടെ പേരു പറയാൻ കാണും. വ്യക്തിപരമായി പേരുകൾ പറഞ്ഞു അവരെ ആക്ഷേപിക്കണമെന്നു എനിക്കു വിചാരമില്ല.

MR. G. RAMACHANDRAN : ഇങ്ങനെയുള്ള ചാർജ്ജുകൾ ഉണ്ടാകുമ്പോൾ ഗവണ്മെന്റു പക്ഷത്തുനിന്നും സാധാരണ പറയുന്നതു ഇങ്ങനെ അവ്യക്തമായി പറയുന്നതിനുപകരം ആളുകളെ കൂണ്ടിക്കാണിച്ചുതന്നാൽ അവരുടെ പേരിൽ വേണ്ട നടപടികൾ നടത്താം എന്നാണു്. ആ നിലയ്ക്കു അവരുടെ പേരുകൾകൂടി ഇവിടെ പറയേണ്ട ആവശ്യമില്ലേ?

MR. P. NANOO : ഗവണ്മെൻറധികാരികളെ വേണമെങ്കിൽ രഹസ്യമായി പേരു വിവരം ധരിപ്പിക്കാമെന്നു ഞാൻ പറഞ്ഞിട്ടുണ്ടു്. ഞാൻ പറഞ്ഞതു നീതിന്യായ വകുപ്പിൽ കൈക്കൂലിയും അഴിമതിയും ഉണ്ടെന്നും കാര്യശേഷിയില്ലാത്തവരും കാര്യശേഷി കുറഞ്ഞവരുമായ അനവധി ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നുമാണു്. ഇതു വളരെ പരമാർത്ഥമാണെന്നു് നമുക്കെല്ലാവർക്കും അറിയാം. ഗവണ്മെൻറും അതു സമ്മതിക്കുമെന്നു് ഞാൻ വിചാരിക്കുന്നു. ഇന്നത്തെ ഗവണ്മെൻറു ഒരു ആട്ടോക്രാറിക്ക ഗവണ്മെൻറല്ല. ഒരു ജനകീയ ഗവണ്മെൻറാണു്.

MR. C. NARAYANA PILLAI : ഈ കൈക്കൂലിയെയും അഴിമതിയേയും പറ്റി ഹൈക്കോടതിയിൽ പരാതിപ്പെട്ടിട്ടുണ്ടോ?

MR. P. NANOO : ഹൈക്കോടതിയിൽ ഇതേപ്പറ്റി പരാതിപ്പെടുന്നതു് സൂക്ഷിച്ചുവേണം. ഹൈക്കോടതിയിൽ കൊടുക്കുന്ന ഒരു പരാതി രണ്ടു വശവും മൂർച്ചയുള്ള ഒരു വാളാണു്. ഹൈക്കോടതിയിൽ പരാതി കൊടുക്കുന്നതിന്റെ ഫലം എന്താണെന്നു് ഫൻ ർ ഐ എൽ. ആർ. നോക്കിയാൽ അറിയാം. പരാതികൊടുക്കുന്നവൻ ചിലപ്പോൾ വെള്ളത്തിലാണു്. അതുകൊണ്ടു അവിടെ പരാതികൊടുക്കുന്നതു് സൂക്ഷിച്ചു വേണ്ടിയിരിക്കുന്നു.

MR. CHERIYAN J. KAPPAN : അങ്ങനെ വെള്ളത്തിൽ വീണ മെമ്പന്മാർ രണ്ടുരുക്കിലും ഈ സഭയിൽ ഇരിക്കുന്നുണ്ടോ?

MR. P. NANOO : ഉണ്ടെങ്കിൽ അവർതന്നെ അതു പറയട്ടെ.

സർ, തനിക്കു ഗുണം കിട്ടുമെന്നു കണ്ടാൽ കൈക്കൂലി കൊടുക്കുവാൻ ആളും തയാറാകും. ഓരോ ആളും അവനവന്റെ രക്ഷയാണു് നോക്കുന്നതു്. എന്നാൽ ഉദ്യോഗസ്ഥന്മാർ ഈ പ്രലോഭനങ്ങൾക്കൊന്നിനും വഴിപ്പെടരുതു്. രാജ്യക്ഷേമവും പൊതുജനനന്മയുമായിരിക്കണം

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ലക്ഷ്യം. ഇന്ന നീതിന്യായവകുപ്പിൽ അക്രമമുണ്ട്, അഴി മതിയുണ്ട് എന്ന പറഞ്ഞാൽ അതിന പ്രത്യേകം തെളിവുകഠം വേണ മെന്നില്ല. എല്ലാ മെമ്പറന്മാരും എന്റെ ഈ അഭിപ്രായത്തോട് യോജിക്കുമെന്നാണ് എന്റെ വിശ്വാസം. ആരെങ്കിലും യോജിക്കാ തെയുണ്ടെങ്കിൽ അവർ എണീറ്റുനിന്നാൽ അവരുടെ അഭിപ്രായം തെറ്റാണെന്ന സ്ഥാപിക്കുവാൻ എന്നെക്കൊണ്ട് സാധിക്കും.

MR. A. K. PATCHU PILLAI : ചിലർ വ്യക്തിവിദ്വേഷവും വൈരാ ഗ്യവും വച്ചുകൊണ്ട് നിരപരാധികളായ ഉദ്യോഗസ്ഥന്മാരുടെമേൽ പരാ തിപ്പെടാറുണ്ടെന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

MR. P. NANOO : അങ്ങനെ ചില നിരപരാധികളുടെ പേരിലും പരാ തികളുണ്ടായേക്കാം. അവരെ ശിക്ഷിക്കണമെന്ന എനിക്ക അഭിപ്രാ യവും ഇല്ല.

MR. K. M. KORAH (*Changanacherry IV—General*) : ജൂഡിഷ്യൽ ആഫീസറന്മാർ ആരെങ്കിലും അഴിമതിക്കാരാണെന്നുള്ളതിലേക്ക തെളി വുകഠം ഉണ്ടോ ? Is it only rum our or is it only an impression ? That is what I want to konw.

MR. P. NANOO : തെളിവു എന്താണ കൊടുക്കേണ്ടത് ? കടലാ സാണോ, സാക്ഷിതെളിവാണോ, അതോ കൈക്കൂലിവാങ്ങിയതു് നിമി ത്തം വന്ന ഇണാനുപേമാണോ എന്താണ് ?

MR. K. M. KORAH : ഇതു് മൂന്നുമാവാം. ഒന്നുകിൽ കൈക്കൂലി കൊടുത്തതായി കാണുക, അല്ലെങ്കിൽ ഉത്തമ വിശ്വാസമുള്ള ആളുകളെ സാക്ഷിയാക്കി ബോദ്ധ്യംവരുത്തുക ഇങ്ങനെയുള്ള നടപടികഠം നടത്താൻ കഴിയുമോ എന്നാണ് ഞാൻ ചോദിക്കുന്നതു്.

MR. P. NANOO : ഉത്തമവിശ്വാസത്തിന്റെ കാര്യമാണെങ്കിൽ, അങ്ങനെ എനിക്ക ഉത്തമ വിശ്വാസമില്ലായിരുന്നെങ്കിൽ ഞാൻ ഈ പ്രമേയംതന്നെ ഇവിടെ ഫാജരാക്കുകയില്ലായിരുന്ന.

MR. K. M. KORAH : അത ഉത്തമവിശ്വാസത്തോടുകൂടിയാണ് ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നതെങ്കിൽ അഴിമതികാണിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെ പേർ പറയാൻപോലും ഇത മടിക്കുന്നതു എന്തി നാണ ?

MR. P. NANOO : അങ്ങനെ വിശ്വാസമില്ലാതിരുന്നെങ്കിൽ ഞാൻ ഈ പ്രമേയം ഇവിടെകൊണ്ടുവരികയില്ലായിരുന്ന.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW : എന്തുകൊണ്ടാണ് അതുടെയും പേരു പറയാത്തത്.

MR. P. NANOO : എനിക്കറിയാം. ഇവിടെ പറയണമെന്നു വിചാരിക്കുന്നില്ലെന്നമാത്രം.

MR. K. A. MATHEW : പേരു പറയാൻ മടിക്കുന്നതിന്റെ കാരണമെന്താണ്?

MR. P. NANOO : അതിനു ഞാൻ ഉത്തരം പറഞ്ഞുകഴിഞ്ഞു.

MR. K. A. MATHEW : ഇവിടെ പറയാനുള്ള മടിയെന്താണ്.

MR. P. NANOO : മന്ത്രിയുടെ അടുക്കൽ പേരു പറയാമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. മെമ്പറന്മാർക്കുടി അതറിഞ്ഞാൽ നന്നായിരിക്കുകയില്ല.

MR. P. M. VARGHESE : ഇതു ജനകീയ ഗവണ്മെൻറല്ലേ? പിന്നെ എന്താണ് ഭയം.

MR. P. NANOO : ഭയം കൊണ്ടല്ല പറയാത്തത്. ഈ നിശ്ചയം കൊണ്ടെങ്കിലും അവർ നന്നാകുമെങ്കിൽ നന്നായിക്കൊള്ളട്ടെ എന്നു വിചാരിച്ചാണ്.

MR. PANDAVATHU SANKARA PILLAI (*Karthikappalli.III—General*) : ഈ നിശ്ചയം അവതരിപ്പിച്ചിട്ടു തിരിച്ചു കോർട്ടിൽ ചെല്ലുമ്പോൾ ഇതിന്റെ റീ ആക്ഷൻ അവിടെ ഉണ്ടാകയില്ലേ ?

MR. P. NANOO : അങ്ങനെ ഒരു ഭയം എനിക്കില്ല. അങ്ങനെ ഉണ്ടാകുമെന്നു വിചാരിക്കുന്നതു തെറ്റാണ്. തിരിച്ചു കോർട്ടിൽ പോകാതിരിക്കാനുള്ള കഴിവും എനിക്കുണ്ട്. അഥവാ പോകേണ്ടിവന്നാൽ ധൈര്യത്തോടുകൂടി അവിടെ പോകയും ചെയ്യും.

സർ, അതുകൊണ്ട് അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ ഈ ഡിപ്പാർട്ടുമെൻറിൽനിന്നു പിരിച്ചുവിടണമെന്നുള്ളതാണ് എന്റെ നിശ്ചയംകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നതു്. നിവൃത്തിയുണ്ടെങ്കിൽ അവർക്ക് വേറെ ഡിപ്പാർട്ടുമെൻറിൽ ജോലി നൽകണം. അവർ ഇതുയും നാൾ ഗവണ്മെൻറിനെ സേവിച്ചല്ലോ എന്ന വിചാരം ഗവണ്മെൻറിനുണ്ടെങ്കിൽ മറ്റു ഡിപ്പാർട്ടുമെൻറുകളിൽ നിയമിക്കുന്നതിനു വിരോധമില്ല.

MR. K. A. MATHEW : ജയിലിലോട്ട് അയച്ചാലും ?

MR. P. NANOO : ജയിലിൽ എന്തായിട്ടയക്കണമെന്നാണ് ? വാർഡന്മാരായിട്ടയയ്ക്കരുതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. M. VARGHESE : ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ ധാരാളം കൈയ്ക്രൂലിക്കാരുണ്ടോ?

MR. P. NANOO : ഇന്നത്തെ ജുഡിഷ്യറിയിലെ @ 0 ശതമാനം ഉദ്യോഗസ്ഥന്മാരും എന്റെ ലിസ്റ്റിൽപ്പെടും. കായ്ശേഷിയില്ലാത്തവർ, സഭാവശുദ്ധിയില്ലാത്തവർ, ഇങ്ങനെ പല വിധത്തിലുള്ളവർ ഉണ്ട്. ഇങ്ങനെ തിരിച്ചു കണക്കെടുത്താൽ @ 0 ശതമാനത്തിൽ ഒട്ടും കുറകയില്ല.

MR. K. A. MATHEW : ഇങ്ങനെയുള്ളവരെ ഏതു ഡിപ്പാർട്ടുമെൻറിൽ അയയ്ക്കണമെന്നാണ് പറയുന്നത്?

MR. P. NANOO : ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറിലും വേണമെങ്കിൽ അയക്കാം. പക്ഷെ ഡ്രൈവരായിട്ട അയയ്ക്കരുത്. കൃഷി ഡിപ്പാർട്ടുമെൻറിൽ അയച്ചു വളം വയ്പ്പിക്കട്ടെ. അല്ലെങ്കിൽ കോവപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറിലായാലും വേണ്ടുകില്ല.

MR. K. A. MATHEW : കോവപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറിൽ കൈയ ക്രൂലി ഉണ്ടെന്നുള്ള വിവരം അറിയാമോ ?

MR. P. NANOO : ഞാൻ പറയുന്നത് ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ കൈയ്ക്രൂലി കുറയ്ക്കണമെന്നാണ്.

MR. P. M. VARGHESE : കൈയ്ക്രൂലി തടയാൻ ഒരു ബിൽ അവതരിപ്പിക്കുന്നതായി അറിയാമോ?

MR. P. NANOO . അറിയാം. പക്ഷെ ഈ ബിൽകൊണ്ടു കൈക്രൂലി മാറുമെന്ന് ആരെങ്കിലും വിശ്വസിക്കുന്നെങ്കിൽ അതു തെറ്റാണ്. ആ ബില്ലുകൊണ്ട് അതു കുറഞ്ഞു കിട്ടും, ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ കൈക്രൂലി കുറക്കുകയല്ല വേണ്ടതു്. നിർദ്ദോഷം ഇല്ലാതാക്കാനാണ് ശ്രമിക്കേണ്ടതു്. കോഴിയെ സൂക്ഷിപ്പാൻ കുറുക്കനെ ഏൽപ്പിച്ചിട്ട് കുറുക്കനെ വെടിവെയ്ക്കാൻ തോക്ക് എന്റെ കൈയ്യിലുണ്ടെന്നു പറയുന്നതിൽ അർത്ഥമില്ല. ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിന്റെ കർത്തവ്യം ഓർത്ത് അവരെ പ്രാപ്തന്മാരാണോ എന്നു നോക്കണം.

MR. K. A. MATHEW . വക്കീലന്മാരും നീതിന്യായാധിപന്മാരെ കൈക്രൂലി വാങ്ങാൻ പ്രേരിപ്പിക്കുന്നില്ലേ?

MR. P. NANOO . ഉണ്ട്. പക്ഷെ ഈ സഭയ്ക്കു വക്കീലന്മാരുടെ മേൽ നടപടി എടുക്കാൻ അധികാരവും അവകാശവുമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. പക്ഷെ, അവരെ നേരെ നിന്നാൽ ആരും കൈക്രൂലി വാങ്ങുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. RAMAKRISHNAN ASARI (*Nedumangad II—Kammala*) : കോഴി, കുക്കൻ, ന്യായേന ഇവരുംകൂടി അതിനുത്തരവാദികളല്ലേ?

MR. P. NANOO : ഞാൻ ഇതിനുത്തരം പറഞ്ഞതാണ്. സർ, ഇനി എന്ന്കൂടി പറയാനുള്ളത് ജൂഡിഷ്യൽ ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള പഞ്ചായത്തു ജഡ്ജിമാരെപ്പറ്റിയാണ്. ഇവരെ നിയമിക്കുന്നതു എങ്ങനെയാണെന്നു നോക്കാം. പഞ്ചായത്തു ജഡ്ജിമാരെയും ബഞ്ചുദ്യോഗസ്ഥന്മാരെയും നിയമിക്കുന്നത് മുൻകാലം മുതൽ പാർവത്യകാരന്മാരാണ്. ഇന്നും അതിന് എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഈ ഉദ്യോഗത്തിനു എന്തെങ്കിലും ഒഴിവുവന്നാൽ ഗവണ്മെൻറിൽനിന്നും തഹശീൽദാർക്കു എഴുതി അയയ്ക്കും. തഹശീൽദാർ പാർവത്യകാക്കു അയയ്ക്കും. പാർവത്യക്കാർ ഒരു ലിസ്റ്റു തയ്യാറാക്കി കൊടുക്കും. ഇതിനിടയ്ക്കു പലരും ഈ ലിസ്റ്റിൽ ഉൾപ്പെടാനുള്ള ശ്രമങ്ങൾ താഴെ അറ്റം മുതൽ മേൽ വരെ ചെയ്യും. ഈ നിയമനരീതി ഒന്നു മാറ്റിയില്ലെങ്കിൽ അതുകൊണ്ടു നാട്ടിനു ഒരു രക്ഷയും ഉണ്ടാകയില്ല. ഈ ജഡ്ജിമാർ ശിക്ഷിച്ചാൽ അതിന്റെ അപ്പീൽ ഹൈക്കോടതിയിൽ മാത്രമേ ബോധിപ്പിക്കാൻ നിവൃത്തിയുള്ളൂ. സർ, ഇതിൽ മറ്റൊരു പകുടം കാണുന്നതു പഞ്ചായത്തുകോർട്ടു ജഡ്ജിമാക്കു മുമ്പു ഒരു പടിയും അനുവദിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ ഒരു സിറ്റിംഗിനു രണ്ടു രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതനുവദിച്ചതുമുതൽ സിറ്റിംഗിന്റെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ട്. കേസിന്റെ തീർച്ചയുടെ എണ്ണം താഴോട്ടു മാണ് പൊയ്ക്കൊണ്ടിരിക്കുന്നതു്. ചില കോർട്ടുകളിൽ നാലും അഞ്ചും കേസുകൾ മാത്രമേ ഫയലിൽ കാണുകയുള്ളൂ. ഒരു മാസംകൊണ്ടു ഈ കേസുകളെല്ലാം ശരിക്കു തീർത്താൽ പിന്നെ സിറ്റിംഗിനുകേസു കാണുകയില്ല. അങ്ങിനെയുള്ള കോടതികളിൽ സിറ്റിംഗിന്റെ എണ്ണം കൂട്ടാൻ വേണ്ടി കേസുകൾ ഇട്ടു നീട്ടുന്നു. ആണറി സർവീസു ചെയ്യാൻ വരുന്ന ഇവർക്കു എന്തിനു പ്രതിഫലം കൊടുക്കുന്നുവെന്നു ഞാൻ ചോദിക്കുന്നു. മിക്ക പഞ്ചായത്തുകോടതികളിലും കേസുകൾ കുറവാണ്. സിറ്റിയിലോ മറ്റോ കേസുകൾ കൂടുതൽ കാണും. നാട്ടിൻപുറങ്ങളിലെ അനുഭവമാണ്, സാർ ഞാൻ പറഞ്ഞതു്.

MR. P. M. VARGHESE. നിയമസഭയുടെ സിറ്റിംഗിന്റെ റേറ്റു കൂട്ടണമെന്നു മെമ്പർ പറഞ്ഞിട്ടില്ലേ.

MR. P. NANOO : അതും ഇതുമായി ഒരു ബന്ധവുമില്ല. അതു് ഇവിടെ സംഗതവുമല്ല. സർ, ഈവക സംഗതികൾകൊണ്ടു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

എന്റെ പ്രമേയം സഭയുടെ അംഗീകാരത്തിനായി ഹാജരാക്കുന്നു. നീതിന്യായകോടതികളിൽ ചെല്ലുന്നവർക്കു നീതിന്യായം ശരിക്കു കിട്ടണമെന്നു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ ജുഡിഷ്യറിയെ ഉടൻ പരിഷ്കരിക്കണം. നീതിന്യായവകുപ്പിൽപോയാൽ നീതി കിട്ടുകയില്ലെന്ന ഭീതി ജനങ്ങളിൽനിന്നും എന്നന്നേക്കുമായി മാറണം. അതൊരു യഥാർത്ഥ്യമായിത്തീരണമെങ്കിൽ അതിനുവേണ്ടി ഹാജരാക്കിയിട്ടുള്ള എന്റെ ഈ പ്രമേയം സഭ അംഗീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. T. A. MOHIDEEN KUNJU : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയം ഒരു പ്രത്യേക ഉദ്യോഗസ്ഥന്റെ മേൽ ആഴിമതി ആരോപിക്കപ്പെട്ടുകൊണ്ടുള്ളതല്ല എന്നാൽ ഈ പ്രമേയം ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അഴിമതികൂടി നടക്കുന്നുണ്ടെന്നുള്ളതു സ്പഷ്ടമാക്കുന്നു.

MR. P. NANOO . മെമ്പർ എന്റെ പ്രമേയത്തെ അനുകൂലിക്കയാണോ പ്രതികൂലിക്കയാണോ ?

MR. T. A. MOHIDEEN KUNJU :അനുകൂലിക്കയാണു്. എന്നാൽ എനിക്കു ഇതിനു ചില പ്രതിവിധികൂടി അധികാരികളെ അറിയിക്കാനുണ്ടു്. ഇവിടെ ഒരു വശത്തു് സമുദായപ്രതിനിധ്യവും മറുവശത്തു മറ്റു സ്വാധീനശക്തികളും അടിസ്ഥാനമാക്കി പലരും ഉദ്യോഗം ആവശ്യപ്പെടുകയും അവർക്കു അതു നൽകപ്പെടുകയും ചെയ്യുന്നു. അവരിൽ പലരും സ്വഭാവശുദ്ധി ഉള്ളവരായിരിക്കുകയില്ലെന്നു മാത്രമല്ല ഉർവൃത്തന്മാരുമായിരിക്കും. അവർ സർവീസിൽ പ്രവേശിച്ചാലും ആ നടപടിതന്നെ സ്വീകരിക്കുമെന്നുള്ളതു സ്വാഭാവികം മാത്രമാണു്. എന്തുകൊണ്ടും പ്രക്ഷോഭകരമായ ഒരു കാര്യമാണു് ഈ സഭ ഇപ്പോൾ കൈക്കൊണ്ടു ചെയ്യാൻ പോകുന്നതു്. ഇതു് തികച്ചും ആക്ഷേപകരവുമാണു്. പൊതുവായി ഈ പ്രശ്നത്തെ അഭിമുഖീകരിച്ചു് അതിനു ഒരു പോംവഴി കണ്ടുപിടിക്കേണ്ടതു് പൗരബോധമുള്ള എല്ലാവരുടേയും ചുമതലയാണു്. സമുദായപ്രാതിനിധ്യമനുസരിച്ചു് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന രീതി നാം നിരുത്തലാക്കേണ്ടതാണു്. പഞ്ചായത്തു ജഡ്ജിമാരുടെ നിയമനത്തെ സംബന്ധിച്ചു നോക്കാം. യാതൊരു അക്ഷരജ്ഞാനംപോലുമില്ലാത്ത അനേകമാളുകളെ പഞ്ചായത്തു ജഡ്ജിമാരായി നിയമിച്ചിട്ടുള്ളതായി എനിക്കറിയാം. അക്ഷരജ്ഞാനമില്ലാത്തതുകൊണ്ടു് അവരുടെ നീതിബോധം നഷ്ടപ്പെട്ടുമെന്നു ഞാൻ പറയുന്നില്ല. നല്ല സ്വഭാവശുദ്ധിയില്ലാത്തവരെ പഞ്ചായത്തു ജഡ്ജിമാരായി നിയമിക്കുന്നതു അപകടകരമാണു്. പഞ്ചാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. A. Mohideen Kunju.]

യത്തു ജഡ്ജിമാരുടെ നിയമനങ്ങളിന്മേൽ ഹൈക്കോടതിയിൽ മാത്രമേ അപ്പീൽ ബോധിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇത്ര വലിയ ഉത്തരവാദിത്വം വഹിക്കുന്ന ആളുകളെ നിയമിക്കുന്നതിൽ നാം പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്. അതുപോലെ തന്നെ തെരഞ്ഞെടുപ്പുകാലത്തു എതു സ്ഥാനാർത്ഥികളെ തോൽപ്പിക്കാൻവേണ്ടി മുൻസിഫ് ഉദ്യോഗവും മജിസ്ട്രേട്ട് ഉദ്യോഗവും മറ്റും വാഗ്ദാനം ചെയ്തിട്ടുള്ളവരെ എനിക്കറിയാം. അങ്ങനെ ധാരാളം നിയമനങ്ങൾ ഇവിടെ നടന്നിട്ടുണ്ടെന്നും നമുക്കറിയാം. ഇങ്ങനെ സർവീസിൽ പ്രവേശിക്കുന്ന ആളുകൾ അവരുടെ പഴയ സംപ്രദായംതന്നെ തുടർന്നു കൊണ്ടുപോകുമെന്നുള്ളതിൽ സംശയമില്ല. ഇങ്ങനെയുള്ളവരെ മുമതലപ്പെട്ട ഉദ്യോഗങ്ങളിൽ നിയമിച്ചതിനുശേഷം അവരെക്കുറിച്ചു പരാതിപ്പെട്ടതുകൊണ്ടു പ്രയോജനമില്ല. അതു കൊണ്ടു ബഹുമാനപ്പെട്ട ഗവണ്മെൻറ് ഇതേ സംബന്ധിച്ചു പരിഗണിക്കാനുള്ളതു നീതിന്യായ വകുപ്പിലെങ്കിലും അഴിമതിയും കൈക്കൂലിയും ഉണ്ടാകാതിരിക്കത്തക്കവണ്ണം അവിടത്തെ നിയമനങ്ങൾ വെറും കാര്യശേഷിയുടെയും സ്വഭാവശുദ്ധിയുടെയും പരിഗണനയിൽ മാത്രം നടത്തണമെന്നുള്ളതാണ്. ഇക്കാര്യത്തിൽ ജനകീയ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

MR. M. GOVINDAN : ഈ പരിഗണന എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഉണ്ടാക്കിയാൽ എന്താണ്.

MR. T. A. MOHIDEEN KUNJU : അങ്ങനെ ചെയ്യുന്നതു് എനിക്കു് വളരെ സന്തോഷകരമാണ്.

MR. RAMAKRISHNANASARI : യോഗ്യതയില്ലാത്തവരെ സമുദായപ്രാതിനിധ്യ വ്യവസ്ഥ അനുസരിച്ചു് നിയമിച്ചു വരുന്നതായി പല പരാതികളുമുള്ളതായി അറിയാമോ?

MR. T. A. MOHIDEEN KUNJU : അങ്ങനെയും ഉണ്ടായിരിക്കും. എന്തെങ്കിലും ന്യൂനതയുണ്ടായതിനുശേഷം അതിനെ പരിഹരിക്കാമെന്നു വിചാരിക്കുന്നതു തെറ്റാണ്. ഇന്നു സമുദായപ്രാതിനിധ്യത്തിനുവേണ്ടിയുള്ള മുറവിളി ധാരാളമുണ്ടെന്നു എനിക്കറിയാം. തന്മൂലം യഥാർത്ഥത്തിൽ ശേഷിക്കുറവുള്ളവരെ നിയമിക്കേണ്ടിവരും. എന്റെ സമുദായത്തിൽ ഒരു ജഡ്ജിയില്ല. മുൻസിഫില്ല. പോലീസ് ഇൻസ്പെക്ടർ ഇല്ല. എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം

LIBRARY ARCHIVES Kerala Legislative Assembly

എന്താണ്. അയാളുടെ ജാതിയിൽപ്പെട്ട ഒരു ഉദ്യോഗസ്ഥനുണ്ടെങ്കിൽ അയാൾക്ക് എന്തെങ്കിലും ഗുണം കിട്ടുമെന്നുള്ളതാണ്. നീതിയും ന്യായവും നടത്താൻ ആണ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതെങ്കിൽ ഈ സമുദായപ്രാതിനിധ്യവ്യവസ്ഥ മാറിയേ മതിയാകയുള്ളൂ.

MR. PRESIDENT : സഭ ഇപ്പോൾ പിരിയുന്നതും വീണ്ടും രണ്ടു മണിക്ക് കൂടുന്നതുമാണ്.

The House adjourned for lunch at 1 P. M. and reassembled at 2 P. M. with the President in the Chair.

MR. T. A. MOHIDEEN KUNJU : സർ, അതുകൊണ്ട് എനിക്ക് ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുവാനുള്ളത് സമുദായപ്രാതിനിധ്യവും ബന്ധുത്വവും കൈക്കൂലിയും മറ്റും അടിസ്ഥാനമാക്കി ഉദ്യോഗങ്ങളിൽ പൊതുവേ നിയമനം നടത്തരുതെന്നും പ്രത്യേകിച്ച് നീതിന്യായവകുപ്പിലെങ്കിലും അങ്ങിനെ നിയമിക്കരുതെന്നുമാണ്. തിരുവിതാംകൂർ ജൂഡീഷ്യറിയെ മുറിച്ച് സ്വന്തം നിലയിൽ എനിക്ക് വലിയ മതിപ്പാണുള്ളത്. ആ ജൂഡിഷ്യറിയിൽ എക്സ്ക്യൂട്ടിവ് ഇടപെട്ട് പല കൊള്ളരുതായ്മകളും വ്യത്തികേടുകളും നടത്തുന്നതായി കാണാം. ഹൈക്കോടതി ജഡ്ജിമാർ സ്വയം ജില്ലാജഡ്ജിമാരായി പോകുന്നതു തിരുവിതാംകൂറിൽ മാത്രം ആണ്. ഇതെല്ലാം ജൂഡിഷ്യറിയിൽ എക്സ്ക്യൂട്ടീവ് ഇടപെടുന്നതിന്റെ ദൃഷ്ടാന്തമാണ്. ഇങ്ങിനെയുള്ള സംഭവങ്ങൾ ജനകീയ ഭരണം വന്നതിനു ശേഷമെങ്കിലും സംഭവിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതു പറഞ്ഞതിന്റെ ഉദ്ദേശം എക്സ്ക്യൂട്ടീവിൽ ജൂഡീഷ്യറിയെ ചീത്തയാക്കാനും നന്നാക്കാനും സാധിക്കുമെന്നുള്ളതുകൊണ്ടാണ്. ഈ വക കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടുവേണം ഭരണം നടത്തുന്നവർ പ്രവർത്തിക്കുവാൻ. അതുപോലെ തന്നെ കൈക്കൂലിയും അഴിമതിയും ഇല്ലായ്മ ചെയ്യുന്നതിന് ഒരു നിയമം കൊണ്ടു സാധ്യമല്ലെന്നും നാം പ്രധാനമായി മനസ്സിലാക്കേണ്ടതാണ്.

ഇന്ന് ഒരു പോക്കമ്മീഷനെ നിയമിച്ചിട്ടുണ്ട്. അതിൽ നിയമിച്ചിട്ടുള്ളവരോടു എനിക്ക് പറയുവാനുള്ളത് ജൂഡീഷ്യറിയെ അതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുകയോ അഥവാ ഒഴിവാക്കാൻ സാധ്യമല്ലെങ്കിൽ അവർ കൈക്കൂലിക്കും മറ്റു അഴിമതികൾക്കും വിധേയരാകാത്തരീതിയിൽ ഉള്ള ശമ്പളക്രമം കൊടുക്കത്തക്കവണ്ണം വേണ്ട വ്യവസ്ഥ ചെയ്യണമെന്നാണ്. ജൂഡീഷ്യറിയിലുള്ള ഒരു പ്യൂണിന്റെ ശമ്പളം

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. A. Mohideen Kunju.]

മതിയാകാതെ വന്നാൽ അതു ജൂഡീഷ്യറിയുടെ അങ്ങേ അറ്റത്തുള്ള ന്യായാധിപന് നീതി നടത്താൻ സാധിക്കാതെ വരും. ഇതു് കോടതിയുമായി അടുപ്പമുള്ളവർക്ക് അറിയാവുന്ന ഒരു പരമാർത്ഥം മാത്രമാണ്. അതു പൂണിൽ ക്കൂടി തന്നെ അതിന്റെ സകല രഹസ്യങ്ങളും ചോർന്നു പോകും. അതുകൊണ്ടു് അവരുടെ നില സുരക്ഷിതമാക്കിക്കൊണ്ടു വേണം മറ്റു കാര്യങ്ങൾ നിയന്ത്രിക്കുവാൻ. പൊതുവേ തന്നെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വലിയ അഴിമതികൾ നടക്കുന്നുണ്ടെന്നു് പറഞ്ഞു കഴിഞ്ഞു. സമുദായ പ്രാതിനിധ്യ വ്യവസ്ഥയിലും മറ്റു പല പരിഗണനകളിലും ക്കൂടി കാര്യശേഷിയും സച്ചരിതവുമുള്ളവരെ ഉദ്യോഗത്തിൽ പ്രവേശിപ്പിച്ചതിന്റെ ശേഷം അവരിൽ നിന്നും മറ്റൊന്നു പ്രതീക്ഷിക്കുവാൻ യാതൊരു ന്യായവുമില്ല. നാം കാഞ്ഞിരം നട്ടുപിടിപ്പിച്ചിട്ടു മാമ്പഴം പ്രതീക്ഷിച്ചാൽ അതു് സാധ്യമല്ല. കൈക്കൂലി കൊടുത്തു് സർവീസിൽ കയറിയ ഒരാളിൽ നിന്നും മറ്റൊന്നു നമുക്ക് അർഹതയില്ല. അയാൾക്ക് അതിൽ നിന്ന് ഒരിക്കലും ഒഴിഞ്ഞു നിൽക്കാൻ സാധ്യവുമല്ല. അതുകൊണ്ടു് ഉദ്യോഗനിയമനക്കാര്യത്തിൽ ഗവണ്മെന്റ് ആദർശപരമായ ഒരു നില അവലംബിക്കുമെങ്കിൽ ഈ പ്രശ്നത്തിന് ഒരു പോംവഴി കണ്ടു പിടിക്കുവാൻ സാധിക്കുന്നതാണ്.

എനിക്ക് വേറൊരു സംഗതി ക്കൂടി പറയുവാനുണ്ട്. ഇന്ന് ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അഴിമതിയും കൈക്കൂലിയും വർദ്ധിച്ചിട്ടുണ്ട്. അതിനു് അറുതി വരുത്തണം, എന്നെല്ലാം പറഞ്ഞു് ഇവിടത്തെ പൗരന്മാർക്കു രക്ഷപ്പെടാൻ സാധ്യമല്ല. വാസ്തവത്തിൽ ദേശീയ പ്രസ്ഥാനക്കാർ ആണെങ്കിലും അല്ലെങ്കിലും ബഹുഭൂരിപക്ഷം ആളുകളിലും സാമുദായിക മനഃസ്ഥിതി അങ്ങേഅറ്റം മുതൽ ഇങ്ങേ അറ്റം വരെ ഉണ്ടെന്നുള്ളതു് തികച്ചും പരമാർത്ഥമാണ്. അതിന്റെ പുറത്തു് ചില ദേശീയ വാക്കുകൾ ഉണ്ടായതുകൊണ്ടു് കാര്യമായില്ല. ഈ രാജ്യത്തെ ഏറ്റവും വലിയ ദേശീയസംഘടന ഡിസ്ട്രിക്റ്റ് കോൺഗ്രസ്സാണ്. ആ സംഘടന ഇന്നിവിടെ അധികാരത്തിൽ വന്നിരിക്കുന്നു. അതിൽ നിന്നു് മന്ത്രിസഭ രൂപമെടുത്തതു തന്നെ രാജ്യക്ഷേമത്തെക്കാൾ സമുദായ പ്രാതിനിധ്യത്തിനു് മുൻഗണന നൽകിയാണ്. അങ്ങനെ രൂപീകൃതമായിരിക്കുന്ന ഒരു മന്ത്രിസഭയിൽ നിന്നും വളരെ അധികം കാര്യങ്ങൾ പ്രതീക്ഷിക്കുവാൻ സാധ്യമല്ല. ഇന്നിരിക്കുന്ന പ്രൊപ്പോർഷൻ മാറ്റാനും ജനങ്ങൾ സമ്മതിക്കുമെന്നും ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളുടെ മനോഭാവത്തിനാണ് ആദ്യം മാറ്റം വരുത്തേണ്ടത്. അങ്ങനെയുള്ള ഒരു മാറ്റം കൊണ്ടു മാത്രമേ ഈ ഉദ്യോഗസ്ഥാഴിമതിയെ മാറ്റാൻ സാധിക്കുകയുള്ളൂ.

അങ്ങനെ സമഗ്രമായ ഒരു പരിവർത്തനത്തിനും പുരോഗതിക്കും പ്രയോഗികമായ വിധത്തിൽ ഈ സഭ ഈ പ്രമേയത്തെക്കുറിച്ച് ഒരു തീരുമാനം ചെയ്യണമെന്നാണ് എനിക്ക് ഈ സഭയെ ഉൽബോധിപ്പിക്കുവാനുള്ളത്.

MR. P. M. VARGHESE: സർ, ഈ പ്രമേയത്തെ ശക്തിയായി എതിർക്കുന്നതിനാണ് ഞാൻ ഇവിടെ എഴുനേറ്റു നിൽക്കുന്നത്. ഈ പ്രമേയം പാസ്സായിക്കുന്നതോടും ഈ രാജ്യത്തു നീതിയും ന്യായവും നടക്കുന്നില്ലെന്നും, അഥവാ അതെങ്കിലും നടത്തുന്നതെങ്കിൽ അതു ഭരണനാശംസ്വയും ഉത്തരവാദിത്വബോധമില്ലാത്ത നിലയിൽ അതെന്നും ഇവിടത്തെ ഉദ്യോഗസ്ഥന്മാർ കാര്യശേഷിയും സ്വഭാവശുദ്ധിയും ഇല്ലാത്തവരാണെന്നും അങ്ങനെയുള്ളവരെ കണ്ടുപിടിച്ചു ഗവണ്മെൻറു ശിക്ഷിക്കുന്നില്ലെന്നുമുള്ള ഒരു ധ്വനി ഈ പ്രമേയത്തിലുണ്ട്.

MR. K. A. MATHEW: അപ്പോൾ അഴിമതി ഇല്ലെന്നാണോ പറയുന്നത്?

MR. P. M. VARGHESE: അഴിമതി നടക്കുന്നുണ്ട്. അതേക്കുറിച്ചു പിന്നെ പറയാം. നീതിന്യായ ഉദ്യോഗസ്ഥന്മാരിൽ ശേഷിക്കുറവും അഴിമതിയും ഉണ്ടെന്ന് ഈ പ്രമേയം വായിച്ചുനോക്കിയാൽ സ്പഷ്ടമായി മനസിലാക്കാം. മാത്രമല്ല, ബാക്കിയുള്ള ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരും അഴിമതിക്കാരാണെന്നും എന്നാൽ അവരുടെ കാര്യം തൽക്കാലം ഗൗനിക്കുന്നില്ലെന്നും ഒരു ധ്വനിയും ഉണ്ടാകും. എന്നാൽ ഇന്നത്തെ ഗവണ്മെൻറു ഈ പ്രമേയം കൂടാതെ ഈ കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ടോ എന്നുകൂടി നാം നോക്കണം. നമ്മുടെ നാട്ടിൽ ജനകീയ ഗവണ്മെൻറ് അധികാരത്തിൽ വന്നശേഷം മിസ്സ് സാമുവൽ എന്ന ഉദ്യോഗസ്ഥയെ വേറൊരു സ്ഥാനത്തേയ്ക്ക് മാറ്റി അതുപോലെതന്നെ അന്ന് അഡ്വക്കേറ്റ് ജനറലായിരുന്ന ഉദ്യോഗസ്ഥനെ തരം താഴ്ത്തുകയും സ്ഥാനഭ്രംശം വരുത്തുകയും ചെയ്തു. ഇതുപോലെ പല നടപടികളും ഗവണ്മെൻറ് തന്നെ സ്വീകരിച്ചിട്ടുണ്ട്. ഈ റെസല്യൂഷന്റെ വെളിച്ചത്തിലല്ല ഗവണ്മെൻറ് ഇതു ചെയ്തിട്ടുള്ളത്. ഈ റെസല്യൂഷൻ അവതരിപ്പിക്കുന്നതിനു മുമ്പുതന്നെ ഇതുസംബന്ധമായ നിയമങ്ങളും ഗവണ്മെൻറിലുണ്ട്. ആ സ്ഥിതിക്ക് ഈ റെസല്യൂഷന്റെ ആവശ്യം എന്താണെന്നു ഞാൻ ചോദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO : നിയമങ്ങളും ഇല്ല എന്ന് ആരെങ്കിലും പറഞ്ഞതാ?

MR. P. M. VARGHESE : ഉണ്ടെങ്കിൽ പിന്നെ അതിന്റെമേൽ ഈ റെസല്യൂഷൻ വേണമോ ?

MR. P. NANOO : നിങ്ങളുടെ കൊണ്ടുവരുന്നതോ ?

MR. P. M. VARGHESE : ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെക്കുറിച്ച് പൊതുവേ നോക്കുന്നതിനും അഴിമതിക്കാരെ കണ്ടുപിടിച്ച് ശിക്ഷിക്കുകയോ മാറുകയോ തരം താഴ്ത്തുകയോ ചെയ്യുന്നതിനുമുള്ള അധികാരം ഇന്ന ഗവണ്മെന്റിനുണ്ട്.

MR. P. NANOO : അതുകൊണ്ടാണ് ഈ നിശ്ചയം കൊണ്ടുവന്നിരിക്കുന്നതെന്നറിയാമോ ?

MR. P. M. VARGHESE : ഈ റെസല്യൂഷനല്ല അതിന വേണ്ടത്. ഇന്ന് അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിക്കുന്നതിനും, വേണ്ടിവന്നാൽ ശിക്ഷിക്കുന്നതിനും വേണ്ടിയാണ് നാം ഒരു അഴിമതി നിരോധനബിൽ ഇവിടെ അവതരിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

MR. T. T. KESAVAN SASTRI : അഴിമതി നിരോധന ബില്ലിൽ ഇതു ഉൾപ്പെടുകയില്ലേ ?

MR. P. M. VARGHESE : എല്ലാം ഉൾപ്പെടും. അങ്ങനെ നാം ന്യായമായി ഒരു ബില്ലവതരിപ്പിക്കണമെന്ന തീരുമാനിക്കുമ്പോൾ ആ ബിൽ സഭയുടെ പര്യാലോചനയിൽ ഇരിക്കുമ്പോൾ, ഈ റെസല്യൂഷനെ സംബന്ധിച്ച് ചർച്ച ചെയ്ത് സമയം ചെലവാക്കുന്നതിൽ വലിയ പ്രയോജനം ഉണ്ടെന്ന തോന്നുന്നില്ല.

MR. K. A. MATHEW : മെമ്പർ സംസാരിക്കാതിരുന്നാൽ മെനക്കേടുണ്ടാകയില്ലല്ലോ ?

MR. P. M. VARGHESE : മെനക്കേട് വരാതിരിക്കാനാണ് ഞാൻ സംസാരിക്കുന്നത്. ഈ റസല്യൂഷൻ ഉൾക്കൊള്ളുന്ന ഒരു ബിൽചർച്ചാവിഷയമായിരിക്കേ ഇതിനുവേണ്ടി എന്തിന സമയം മെനക്കെടുത്തുന്നു.

രണ്ടാമതായി എനിക്കു പറയാനുള്ളത് ഉദ്യോഗസ്ഥാഴിമതിയിൽ അനുഭോഗസ്ഥന്മാർ എത്രമാത്രം കുറക്കാരണെന്നുള്ളതിനെപ്പറ്റിയാണ്. ഈ സംഗതിയെ സംബന്ധിച്ച് ഞാൻ പറയുമ്പോൾ എന്നെ തെറ്റിദ്ധരിക്കയില്ലെന്നുകൂടി ഞാൻ സംശയിക്കുന്നു. രാജ്യത്തെ പൊതുജനങ്ങളിൽനിന്ന തെരഞ്ഞെടുക്കപ്പെട്ടവരായ ഉദ്യോഗസ്ഥന്മാക്ക് ചില മുമതലകളെല്ലാമുണ്ട് എന്ന ഞാൻ സമ്മതിക്കുന്നു. അതോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ അന്യോഗസ്ഥന്മാക്കും ശരിയായ ചുമതലകളുണ്ട്. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും തമ്മിൽ ചില വ്യത്യാസങ്ങളെല്ലാമുണ്ടെങ്കിലും അനുദ്യോഗസ്ഥന്മാരേയും ഈ അഴിമതിയിൽനിന്ന് ഗവണ്മെൻറ് ഒഴിവാക്കിയിട്ടില്ല. ഈ അഴിമതി പരിഹരിക്കാൻ നാം എന്താണ് ചെയ്യേണ്ടത്? അതിനു പ്രധാനമായി ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കണമെന്ന് ഈ റെസല്യൂഷനിൽ പറയുന്നുണ്ട്. അങ്ങനെയാണെങ്കിൽ എല്ലാവരേയും ശിക്ഷിക്കാനെ സമയം കാണുകയുള്ളൂ.

MR. V. A. ABDUL AZIZ : ഇപ്പോൾ അഴിമതി ഇല്ലെന്നാണോ മനസ്സിലാക്കേണ്ടത്?

MR. P. M. VARGHESE ; അഴിമതിയില്ലെന്ന് ഞാൻ പറഞ്ഞില്ല. ഉള്ളവരെ ശിക്ഷിക്കണമെന്നാണ് ഞാൻ പറയുന്നത് ഉദ്യോഗസ്ഥന്മാരും മനുഷ്യരാണ്. അവർ കുറ്റം ചെയ്യാതിരിക്കണമെങ്കിൽ അതിനുള്ള ചുറ്റുപാടുകൾ സൃഷ്ടിച്ച് കുറ്റം ചെയ്യുന്നതിനുള്ള സന്ദർഭങ്ങളുണ്ടാക്കാതിരിക്കണം. ഒരു ഭാഗത്ത് അനുദ്യോഗസ്ഥന്മാർ അവരെ കൂടും ചെയ്യാൻ പ്രേരിപ്പിക്കുന്നു. എന്റെ സ്നേഹിതൻ മി. മന്നത്തു പത്മനാഭപിള്ളയെപ്പോലെ സ്വാധീനശക്തിയുള്ളവർ ഒരു ഉദ്യോഗസ്ഥന്റെ അടുക്കൽ ചെന്ന്, സാർ, ഇതൊന്നു ചെയ്യുതരണമെന്നു പറഞ്ഞാൽ ഉദ്യോഗസ്ഥന്മാർ അതിനു വശംവദരായിപ്പോകും. അതുകൊണ്ട് അങ്ങനെയുള്ളവർ പ്രത്യേകം കരുതലോടുകൂടി പ്രവർത്തിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഇതു കൂടാതെ മറ്റൊരു സംഗതിയുണ്ട്. അതായത് ഉദ്യോഗസ്ഥന്മാർ മനുഷ്യരാണെന്നും നമ്മുടെ സഹോദരന്മാരാണെന്നും അവർക്കു സുഖമായും സ്വതന്ത്രമായും മറ്റൊരുവന്റെ അടിമപ്പെടാതെയും ജീവിക്കുവാനുള്ള ചുറ്റുപാടുകൾ സൃഷ്ടിക്കുവാനുള്ള ചുമതല നമുക്കുണ്ടെന്ന് നാം ധരിക്കണം. ആ ചുമതല നാം നിർവ്വഹിക്കാതിരിക്കുന്നിടത്തോളം സ്ഥിതിഗതികൾ നന്നാകയില്ല. ഉദ്യോഗസ്ഥന്മാർക്ക് എട്ടും പത്തും രൂപാ ശമ്പളം കൊടുത്തുകൊണ്ട് അവരുടെ മേൽ പരാതിപ്പെടുകയും ശിക്ഷിക്കണം എന്നു പറയുകയും ചെയ്യുന്നതു മാസം രണ്ടായിരവും മൂവായിരവും രൂപാ വരുമ്പോൾ അനുദ്യോഗസ്ഥനായിരിക്കും. അതേ സമയത്ത് ഇവർ തന്നെയായിരിക്കും നിസ്സാര ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരെ കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്നത്.

MR. MANNATHU PADMANABHA PILLAI : മെമ്പർ വല്ല സ്റ്റഡിയും ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. M. VARGHESE : സാർ പറഞ്ഞിട്ടുണ്ടെങ്കിൽ സമ്മതിച്ചാൽ മതി.

ഇവിടെയുള്ള മെമ്പറന്മാരിൽ ചിലർ ഒരു വകയും പ്രസംഗിക്കാതിരുന്നാലും അവരുടെ നീണ്ട പ്രസംഗങ്ങൾ ചില പത്രങ്ങളിൽ കാണാറുണ്ട്. യഥാർത്ഥത്തിൽ അവർ അങ്ങനെയൊന്നും പ്രസംഗിച്ചു കാണുകയില്ല. ഈതങ്ങനെയാണ് സംഭവിക്കുക. ഇപ്രകാരം സംഭവിക്കാതെങ്കിൽ അഴിമതി അനുദ്യോഗസ്ഥന്മാരുടെ പക്കലും കാണുന്നു എന്നുള്ള മനസ്സിലാക്കേണ്ടതുണ്ട്. ഇവർ ഉദ്യോഗസ്ഥന്മാർ അല്ലാത്തതുകൊണ്ട് അതും അറിയുന്നില്ല. ഉദ്യോഗസ്ഥന്മാർ അഴിമതി കാണിക്കാതിരിക്കാൻ ഉള്ള ചുറുപാടുകൾ സൃഷ്ടിക്കാൻ നാം തയാറുണ്ടോ? ഉദ്യോഗസ്ഥന്മാരേക്കാൾ അനേകം മടങ്ങു ജനസംഖ്യയുള്ളതു് അനുദ്യോഗസ്ഥന്മാരിലല്ലേ?

പക്ഷെ ഉദ്യോഗസ്ഥന്മാരെ അഴിമതികുറ്റത്തിൽ നിന്നു ഒഴിവാക്കാൻ ശ്രമിക്കുന്നുവെന്നു അതും ധരിക്കരുതു്. ഉദ്യോഗസ്ഥന്മാർ ഉദ്യോഗത്തിൽ പ്രവേശിക്കുമ്പോൾ ഒരു പ്രതിജ്ഞ ചെയ്തിട്ടുണ്ടു്. ആ പ്രതിജ്ഞ നിർവ്വഹിക്കുവാൻ അവക്കു് സാധിക്കുമോ എന്നു നോക്കാം അങ്ങനെ സാധ്യമല്ലെങ്കിൽ അവർ ആ ഉദ്യോഗത്തിൽ നിന്നു വിരമിക്കാൻ കടമപ്പെട്ടവരാണു്. എന്നാൽ അവർ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അതിന്റെയും കുറക്കാർ നാംതന്നെയാണു്.

MR. P. NANOO : എന്തു പ്രതിജ്ഞയാണു് അവർ ചെയ്തിട്ടുള്ളതു്.

MR. P. M. VARGHESE : സത്യം പറയണം നല്ലപോലെ സേവനം അനുഷ്ഠിക്കണം എന്നു്.

MR. P. NANOO : എന്നാലും ഉദ്യോഗസ്ഥൻ ഈ പ്രതിജ്ഞ നിറവേറുന്നുണ്ടോ?

MR. P. M. VARGHESE : ഉണ്ടാവും.

ഈ ഉദ്യോഗസ്ഥാഴിമതിക്കു് പരിഹാരമെന്ന നിലയിൽ ജുഡിഷ്യറിയിലുള്ള ഉദ്യോഗസ്ഥന്മാരെ പ്രത്യേകം എടുത്തു് അവരെ സംബന്ധിച്ചുമാത്രം ഒരു റെസലൂഷൻ ഇവിടെ കൊണ്ടുവന്നതു് തീർച്ചയായും ബുദ്ധിപൂർവ്വം അല്ലെന്നാണു് എനിക്കു് സഭയെ അറിയിക്കുവാനുള്ളതു്. അതുകൊണ്ടു് ഈ റെസലൂഷൻ നാം പാടെ തിരസ്കരിച്ചു് ഇവിടെ അവതരിപ്പിക്കുന്നുദ്ദേശിക്കുന്ന അഴിമതിനിരോധനബില്ലിനെ സ്വാഗതം ചെയ്തു് അതിനെ നിയമമായി പാസ്സാക്കണമെന്നു് അഭ്യർത്ഥിച്ചു് എനിക്കു പറയുവാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. N. DANIEL JOSE: Sir, I agree with the spirit of the resolution but not in its method. While doing so it is very easy to agree with a resolution of this type but it is as good as saying that all men must be good. It is just like making a statement of that nature. Of course everybody agrees that the moral tone of any department should be improved. But I fail to see how such a resolution can help in that process if definite lines are not chalked out, if suggestions are not placed before Government as to how the resolution is to be implemented. Therefore, as long as this resolution only expresses a wish and desire that the moral tone of the department should be improved I do not see how far this will take us.

MR. P. NANOO: Does not the member see that towards the close of the wording there is a remedy suggested in the resolution?

MR. N. DANIEL JOSE: I understand that. It is stated that those people should be transferred. I am asking how are we to find out that an officer is inefficient, such an officer is corrupt and so on. Therein comes the difficulty, the catch, so to say There is the anti-corruption bill coming up before the House shortly and there also the same difficulty will arise.

MR. P. NANOO: Is not another suggestion made in the resolution itself?

MR. N. DANIEL JOSE: I am not aware of any other suggestion which has been made in this resolution. Another Hon. Member pointed out two instances where this principle has been worked out satisfactorily. He mentioned instances of Mr. K. G. Kunjukrishna Pillai and Miss Samuel. The honourable member was not even aware whether Samuel is a Miss or Mr. That apart, he comes to condemn all the officers as being corrupt, or inefficient.

MR. P. NANOO: Does the resolution show that all the officers are inefficient and corrupt?

MR. N. DANIEL JOSE: No. That is why I said that the officers who are corrupt.

MR. PRESIDENT: Please do not repeat arguments.

MR. N. DANIEL JOSE: I do not know how far Government will work efficiently or successfully if that method is followed. So until there is definite proof, until Government are fully convinced of corruption by individuals, until certain formalities are gone through, that is, the explanation of the officer is to be called in or he may have to be tried and so forth, until such things are done, there is no point in this question. Unless there is a certain amount of security in Government service, I do not know how far an officer of Government can do justice, can fulfil his duties properly. I will just cite the instance of a magistrate or a judge. It is quite possible that such an officer may not be popular with the people even if he is just. There is all the possibility that he may find disagreement with the political boss of that locality: there is all the possibility that the officer may not act according to the wishes of the powerful man of the locality; there is all the possibility that an officer may belong

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Daniel Jose.]

to a minority community and he may be in a place where members of that community are not in large numbers. If such things happen, there is every ground that charges of inefficiency and corruption can be heaped upon that officer. If Government are to act on these points suddenly and promptly and pull him out without finding sufficient reasons therefor, I do not know how far successfully we can proceed. I do not for a moment say that inefficient officers should be kept there. I do not say for a moment that officers who are corrupt should be kept there. Officers who are corrupt and inefficient should be kicked down. But until you are sure that the officers are inefficient and corrupt, I am asking you how to punish them? There is all the difficulty of working out the corruption Bill. It is true that vehement speeches are made against the officers who are corrupt. In all earnestness I ask, are not people, even popular representatives, more corrupt than these officers? Why not we examine that aspect? Why not there be a self-examination as well? So I would plead that if officers are to be brought under the purview of these provisions, popular representative should also be brought in. It is alright to say that the moral tone of the department should improve It is alright to say the moral tone of the society should improve. But the difficulty comes in the actual working out of the proposition. Now we are concerned with the administration of Government. We are not concerned with the making of speeches nor with the expression of wish. Therefore I submit that these things should be done carefully, by viewing the question impartially and with sufficient consideration. These questions should be studied fully and then a decision arrived at If the Hon. Member who has moved this resolution had placed constructive suggestions before the House as to how these officers who are corrupt and inefficient could be found out, that would have enlightened the House much better. So far as the resolution only expresses a pious wish that inefficient and corrupt officers must be punished, I agree with the spirit. But as long as this resolution does not suggest ways and means of finding out these people I do not know how far such a resolution would be useful. That is why I said even if the Anti-corruption bill is passed there is all the difficulty of working it out. So I say this is a resolution on which too much enthusiasm cannot be placed. Therefore while I agreeing with the spirit of the resolution I would submit that if this resolution had placed more constructive suggestions before the House, it would have been more helpful.

MR. A. CHIDAMBARANATHA NADAR : ஸர், நான் ஸ்ரீமான் நாணு அவர்கள் கொண்டு வந்த தீர்மானத்தைச் சக்தியாக எதிர்க்கலாமென்று தீர்மானித்து விட்டேன். முதலாவதாக இங்கே மலையாளத்தில் இத்தீர்மானம் அச்சடிக்கப்பட்டிருக்கிறது.. அது எனக்கு புரியவில்லை.

MR. P. NANU : ഞാൻ കൊണ്ടുവന്നിട്ടുള്ള Resolution-നെ നല്ല വണ്ണം മനസിലാക്കി കൊണ്ടാണോ സംസാരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

MR. A. CHIDAMBARANATHA NADAR: மன திலாக்கித்தான் நான் எதிர்க் கிறேன். சர்க்கார் உத்தியோகங்களில் ஒருவனை அமைக்கும்போது அவன் தகுதியுள்ளவனாக இருக்கவேண்டுமென்றும், அவன் கைக்கூலிக்காரனாக இருக்கக்கூடாது என்றும், அப்படி அவன் கைக்கூலிக்காரனாகத் திரும்பி விட்டானால், அவன்மேல் உடனடி நேரடி நடவடிக்கைகள் எடுக்க வேண்டுமென்றும், இங்கே வாதப்பிரதிவாதம் நடந்தது. இது யாராலும் மறுக்க முடியாத ஒரு பெரிய உண்மை. ஆனால் திருவிதாங்கூர் சமஸ்தா னத்தில் இன்றுள்ள அரசியல் நிலைமையை, ஒரு பக்கத்தில் வைத்து திரா சின் மற்றொரு பக்கத்தில் இன்றைய சர்க்காரையும் வைத்துப்பார்க்கிறதா லில் தகுதி, தகுதி, என்று சொல்லக்கூடிய இடம் யாருக்கு இருக்குமென்று கேட்டால், வேறு யாருக்கும் இருக்காது. ஈழவர், நாயர், சிரியன் கிருஸ் துவர், இவர்களுக்குத்தான் இருக்குமென்று கண்டுபிடித்திருக்கிறார்கள். அந்த நிலையில் உத்தியோகஸ்தர்கள், வேறு எந்த சமுதாயத்திலிருந்து எடுத்தாலும் அவனுக்குத் தகுதியில்லை. அவன் கைக்கூலிக்காரனாய் இருந்துகொண்டு இருக்கிறான். அவன்மேல் நேரடி நடவடிக்கை எடுக்க வேண்டுமென்றும் இன்றைய சர்க்கார் துணிந்து நிற்கிறது. அதை கை யாடிக்கொண்டும் இருக்கிறது. ஒன்று ரண்டு உதாரணங்கள் சொல்லலாம் என்றால் அன்பர் சொன்னார், Advocate general-ஐப் பற்றி நான் கேட்கி றேன். டாக்டர் மிஸ் சாம்யூல்-ஐப் பற்றி அவருக்கு என்ன, தகுதி இல்லையா? என்று கேட்கிறேன். பரீக்ஷாயோக்கியதை இல்லையா என்று கேட்கிறேன். ஒரு வேளை, பெண்பிள்ளையாக பிறந்துவிட்டதினாலோ என்று கேட்கிறேன். இந்த இடத்தில் நான் சொல்லிக்கொள்வது தகுதி என்று வந்தாலும் சரி, முதன்முதலில் தமிழன்ப் பிடித்துத் தள்ளப்படு கிறான். மிஸ் சாம்யூலுக்குத் தகுதியுண்டு. சகல பரிக்ஷா யோக்கியதை யுண்டு. அந்த நிலையில் அந்த அம்மையாருக்கு ஒரு Inspectress general of Women & Children Hospital என்ற ஒரு உத்தியோகத்தை பிரத்தி யேகமாக வகுத்து வந்தது என்றால் அதைப் பற்றிக்கூடுதலாக உங்களிடம் சொல்லவேண்டியது அவசியமில்லை. காரணம், தகுதி இருக்கிறது. ஆனால் குற்றம் தமிழனாய் பிறந்த குற்றமே.

MR. T. T. KESAVAV SASTRI : ഞതൊരു പ്രമോഷൻ അല്ലേ?

MR. CHIDAMBARANATHA NADAR : இல்லை.

MR. PRESIDENT : പ്രമേയത്തെപ്പറ്റി മാത്രം സംസാരിച്ചാൽ മതി. She doesn't belong to that category.

MR. CHIDAMBARANATHA NADAR : அதை ஒரு உதாரணமாகச் சொன்னேன். கூடுதலாக நூறு ரூபாய் சம்பளம் இருக்கலாம். இது யானை யைச் சுளகால் மறைப்பதுபோலாகும். சரியான முறையில் பரிசீலனை செய்து பார்த்தால் அது Surgeon General பதவியைவிடக் குறைந்த பத வியாகும். Asst. Surgeon General பதவி தானாகிறது. மேலும் இந்த சர்க் காருக்கு கழிந்த இரண்டு மூன்று மாதகாலங்களாக இந்த திருவனந்த புரம் டிப்போ ஆபீஸராய் இருக்கக்கூடிய அன்பர் மீது தென் திருவிதாங்

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Chidambaranatha Nadar.]

கூரில் உள்ள பல மக்களிடமிருந்தும் பராதி வந்தது. தமிழ் மக்களுக்கு சரியான முறையில் அரிசி விநியோகம் செய்யப்படவில்லை என்று தமிழர் களுக்கு ஒரு விதமும் மலையாளிகளுக்கு இன்னொரு விதமும் அரிசி விநி யோகம் செய்யப்பட்டு வருகிறதென்று பராதிகள் வந்தது. அதைப் பற்றி, இந்த சபையில் நாங்கள் கேள்விபோட்டதும் உண்டு. ஆனல், கடைமுறையில் வந்தவுடன் தாம் அந்தக் குற்றத்தைக் செய்யவில்லை என்று சொன்னர். அப்பொழுது ஒரு தமிழனைய அப்பாவு நாடார் என்றவன் இருந்தான். அவனுக்கு எல்லா யோக்கியதையும் இருக்கிறது. அவன் நம்பக்கப்பட்டிருந்திருன். தமிழன் என்ற காரணத்தினல் சிரி யன்கிருஸ்டவர், நாயர், ஈழவர், இவர்களைத்தவிர வேறு ஒருவனுக்கும் இந்த திருவிதாங்கூரில் தகுதியிருக்கிறதாக இந்த சர்க்காருக்கு புலப்பட வில்லை என்று நீங்கள் அறிய வேண்டும். இதைத்தான் நான் சொல்லத் தவறிற்றது.

MR. ABDUL MAJEED (*Chirayinkil III—General*): സർ, നിതിന്യായ വകുപ്പിൽ ഇന്നുള്ള ഉദ്യോഗസ്ഥന്മാരിൽ കാര്യശേഷിയോ സ്വഭാവശു ദ്ധിയോ, ഇല്ലാത്തവർ അല്ലെങ്കിൽ വളരെ കുറഞ്ഞവരായ ആളുകൾ ഉണ്ട്. ആ ആളുകളെ നോക്കി പിരിച്ചുവിടുകയോ അല്ലെങ്കിൽ മറ്റുള്ള ഡിപ്പാർട്ടുമെൻറുകളിലേക്ക് അയക്കുകയോ ചെയ്യുന്ന കാര്യത്തിലേക്ക് ഈ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടാണ് എന്റെ സ്നേഹിതൻ മി. നാണു ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതെന്നാണ് ഞാൻ വിശ്വ സിക്കുന്നത്. അതു ശരിയാണോ, ആവശ്യമാണോ എന്നെല്ലാം ഈ സഭ ചിന്തിക്കേണ്ടിയിരിക്കുന്നു. മറ്റുള്ള പല ഡിപ്പാർട്ടുമെൻറുകളേയും അപേ ക്ഷിച്ച് നിതിന്യായവകുപ്പിലുള്ള ഉദ്യോഗസ്ഥന്മാർ കാര്യശേഷിയും സ്വഭാ വശുദ്ധിയും ഉള്ളവരായിരിക്കണമെന്നുള്ളതിന് സംശയമുണ്ട്. എന്റെ അഭിപ്രായം പറയുകയാണെങ്കിൽ കാര്യശേഷിയില്ലായ്മയും സ്വഭാവ ശുദ്ധിയില്ലായ്മയും മറ്റൊരു ഡിപ്പാർട്ടുമെൻറിലെയും ഉദ്യോഗസ്ഥ ന്മാരുടെയിടയിൽ ഉണ്ടായിരിക്കാൻ പാടില്ലെന്നാണ്. പ്രത്യേകിച്ചും നിതിന്യായവകുപ്പിലെ ഉദ്യോഗസ്ഥന്മാർ യാതൊരുവിധ സ്വഭാവ ദൂഷ്യവും ഇല്ലാത്തവരായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതു് ആവശ്യ മാണെന്നതന്നെ ഞാൻ പറയുന്നു. അതുകൊണ്ടു് ഈ കാര്യത്തിൽ ഒരു അന്വേഷണം നടത്തി കാര്യശേഷി കുറഞ്ഞവരെയും കയ്ക്കൂലി ക്കാരെയും കണ്ടുപിടിച്ചു് ശിക്ഷിക്കണമെന്നതന്നെ ഞാൻ ആവശ്യ പ്പെടുന്നു. ജഡ്ജിമെൻറ് ശരിയായി എഴുതാൻ അറിയാൻ പാടി ല്ലാത്ത മുനിസിപ്പുമാർ പലരും ഉണ്ടെന്നു് ഈ സഭയിലെ വക്കീലന്മാ രായ പല ബഹുമാനപ്പെട്ട മെമ്പറന്മാർക്കും അറിയാവുന്നതാണെന്നു്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വിശ്വസിക്കുന്നു. ഒരു പ്രാപോലും കയ്ക്കൂലി മേടിച്ച ഒരു ഉദ്യോഗസ്ഥൻ എട്ടു പത്തു കൊല്ലത്തേക്കു മുമ്പു് ആറുങ്ങലിലെ ഒരു കോടതിയിൽ ഉണ്ടായിരുന്നു എന്നും അദ്ദേഹത്തിന്റെ പ്രവൃത്തികൾ തിരുവിതാംകൂറിൽ വളരെ ചെറ്റപ്പാടുണ്ടാക്കിയിട്ടുണ്ടെന്നുമുള്ള കാര്യം ഈ സഭയെ ഈ സന്ദർഭത്തിൽ അനുസ്മരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ ഒരു പ്രാപോലും കയ്ക്കൂലി വാങ്ങുന്നവർമുതൽ ജഡ്ജിമെന്റു എഴുതാൻ അറിയാൻ പാടില്ലാത്തവർവരെയുള്ള ജഡ്ജിമാരും മുനിസിപ്പന്മാരും ഉള്ള ഈ നീതിന്യായ വകുപ്പിലെ ഉദ്യോഗസ്ഥന്മാരെ എല്ലാം ശരിയായി ഒന്നു പരിശോധിച്ചു് സ്വഭാവദൂഷ്യവും കാര്യപ്രാപ്തിയുമില്ലാത്തവരെ പുറന്തള്ളി പരിശുദ്ധമായ ഒരു നീതിന്യായ വകുപ്പുണ്ടാക്കുന്നതു് അത്യാവശ്യമാണെന്നുള്ള കാര്യത്തെപ്പറ്റി ഈ സഭ ചിന്തിക്കാനാണു് എന്റെ സ്നേഹിതൻ മി. നാണു ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു. ഈ പ്രമേയത്തെ എതിർത്തു ചില സ്നേഹിതന്മാർ പ്രസംഗിച്ചതു കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെടുകയും ആശ്ചര്യപ്പെടുകയുമാണു ചെയ്തതു്. സ്വഭാവദൂഷ്യമുള്ളവരെയും കാര്യപ്രാപ്തിയില്ലാത്തവരെയും കണ്ടുപിടിക്കുവാൻ കുറേ വിഷമമാണെന്നു പറഞ്ഞാൽ അതു് എനിക്കു മനസ്സിലാക്കാൻ സാധിക്കും. പക്ഷേ കുറച്ചു ബുദ്ധിമുട്ടിയാലും തരക്കേടില്ല. അതിനെ കണ്ടുപിടിച്ചു നീതിന്യായവകുപ്പു് സംശുദ്ധമാക്കുകതന്നെ വേണമെന്നാണു എന്റെ അഭിപ്രായം. വളരെക്കാലം നീതിന്യായക്കോടതികളിൽ വ്യവഹരിച്ചു പരിചയം സിദ്ധിച്ചിട്ടുള്ള എന്റെ സ്നേഹിതൻ മി. നാണു അവഗാഢമായി ചിന്തിച്ചതിന്റെ ഫലമായിട്ടാണു് ഇങ്ങനെയൊരു പ്രമേയം ഈ സഭയുടെ മുമ്പിൽ കൊണ്ടുവന്നതെന്നു വിശ്വസിച്ചുകൊണ്ടും ഉദ്യോഗസ്ഥന്മാരുടെ കാര്യശേഷിയെക്കുറിച്ചു എനിക്കു നിശ്ചയമില്ലെങ്കിലും സ്വഭാവശുദ്ധിയില്ലാത്തതിനെക്കുറിച്ചു് എനിക്കതന്നെ ചില കാര്യങ്ങൾ അറിയാവുന്നതുകൊണ്ടും ഞാൻ ഈ പ്രമേയത്തിന്റെ തത്വത്തോടു അനുകൂലിക്കുകയാണു ചെയ്യുന്നതു്. ദുഷിതമായ ഒരു ന്യായാസനം ഈ രാജ്യത്തു് ഉണ്ടായിരിക്കാൻ പാടില്ല. ഇന്നു ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ അഴിമതിക്കാരെയും കയ്ക്കൂലിക്കാരെയും അന്വേഷിച്ചു പിടിച്ചു് പിരിച്ചുവിടേണ്ടവരെ പിരിച്ചുവിടുകയും മറ്റു ഡിപ്പാർട്ടുമെന്റുകളിലേക്കു് അയച്ചാൽ ശരിയാകുമെന്നുള്ളവരെ അങ്ങനെ ചെയ്യണമെന്നും മാത്രമല്ല അങ്ങനെ അന്വേഷണം നടത്തുന്നതിനു് ഗവണ്മെന്റിൽനിന്നും ഒരു കമ്മിറ്റിയെ നിയമിക്കണമെന്നും ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Abul Majeed.]

പ്പെട്ടുകൊണ്ടാണ് മി. നാണു ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഏറ്റുപറയുന്നു കൊല്ലങ്ങൾക്കു മുമ്പ് ഒരു ജഡ്ജിയെ പ്യൂൺ ആക്കി എന്നൊരു വർത്തമാനവും പത്രങ്ങളിൽ കണ്ടിരുന്നു. അതു കണ്ടപ്പോൾ അല്പം അത്ഭുതം തോന്നുകയുണ്ടായിട്ടുണ്ട്. അതു മുഴുവൻ വായിച്ചുനോക്കിയപ്പോഴാണ് ഒരു പഞ്ചായത്തു ജഡ്ജിയെയാണ് പ്യൂണായിട്ടു നിയമിച്ചതെന്നു മനസ്സിലാക്കാൻ സാധിച്ചതു്. ഇങ്ങനെ യാതൊരു വിവേചനവുംകൂടാതെ പഞ്ചായത്തു ജഡ്ജിമാരേയും മറ്റും നിയമനം നടത്തുന്ന കാര്യം വളരെ ഭംഗിയായ ഭാഷയിൽ ശക്തിയായി പ്രമേയാവതാരകൻ ഇവിടെ പറയുകയുണ്ടായി. ഈ സഭ അതർഹിക്കുന്ന ഗൗരവത്തോടുകൂടി മനസ്സിലാക്കി നീതിന്യായവകുപ്പിലെ കാര്യശേഷിയും സ്വഭാവശുദ്ധിയും ഇല്ലാത്തതായ ഉദ്യോഗസ്ഥന്മാരെ നിർമ്മാജ്ജനംചെയ്തു നമ്മുടെ നീതിന്യായവകുപ്പിനെ ശുദ്ധീകരിക്കണമെന്നുള്ള മഹത്തായ ഉദ്ദേശത്തോടുകൂടിയാണ് ഈ പ്രമേയം ഇവിടെ ഹാജരാക്കിയിരിക്കുന്നതെന്നു വിശ്വസിച്ചുകൊണ്ടു ഞാൻ ഇതിനെ അനുകൂലിക്കുന്നു.

MR. A. NESAMONY: I move for a closure

(ക്ലോഷർ സഭ അനുവദിച്ചു)

HON'BLE MR. A. J. JOHN: സർ, ഈ പ്രമേയത്തെ ഇതേ രൂപത്തിൽ സ്വീകരിക്കാൻ സാധ്യമല്ല. എന്നാൽ പ്രമേയത്തിന്റെ തത്വത്തോട് ഗവണ്മെന്റു പൂർണ്ണമായി യോജിക്കുന്നു. പ്രമേയത്തിന്റെ തത്വം നീതിന്യായവകുപ്പിലുള്ള ഉദ്യോഗസ്ഥന്മാർ കാര്യശേഷിയുള്ളവരും സ്വഭാവഗുണമുള്ളവരും ആയിരിക്കണമെന്നുള്ളതാണു്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലുമുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും അപ്രകാരമുള്ളവരായിരിക്കണമെന്നാണ് ഗവണ്മെന്റു ആഗ്രഹിക്കുന്നതു. എന്നാൽ മി. നാണു പറഞ്ഞതുപോലെ മറ്റു ഡിപ്പാർട്ടുമെന്റുകളെ അപേക്ഷിച്ചു് നീതിന്യായവകുപ്പിലുള്ള ഉദ്യോഗസ്ഥന്മാർക്കു ഈ ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതു ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണെന്നു ഗവണ്മെന്റു സമ്മതിക്കുന്നു. ഇതുയും സംഗതികൾ സമ്മതിക്കുന്നതിൽ ഗവണ്മെന്റിനു യാതൊരു എതിരഭിപ്രായവുമില്ല. എന്നാൽ ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു് സ്വഭാവഗുണമില്ലാത്തവരെ കണ്ടുപിടിച്ചു പിരിച്ചുവിടുകയോ അല്ലെങ്കിൽ വേറെ ജോലിയിൽ നിയമിക്കുകയോ ചെയ്യണമെന്നാണു്. ഇതേപ്പറ്റി എനിക്കു പറയുവാനുള്ളതു് ഇപ്പോഴത്തെ പൊതുവായ വിമർശനങ്ങൾ നടത്തുന്നതുകൊണ്ടു യാതൊരു ഗുണവും ഉണ്ടാകുന്നതല്ലെന്നും ഏതെങ്കിലും പ്രത്യേകമായിട്ടുള്ള അഴിമ

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷ്ണറിയോ അല്ലെങ്കിൽ എതെങ്കിലും പ്രത്യേക സ്ഥലങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരെപ്പറ്റിയൊ മാരോ മെമ്പറന്മാർക്കും അറിയുന്ന വിവരങ്ങൾ ഗവണ്മെൻറിനേയൊ ഹൈക്കോടതിയേയെയും അറിയിക്കുകയാണെങ്കിൽ അതെപ്പറ്റി എതെല്ലാം വിധത്തിലുള്ള നടപടികൾ നടത്താമോ അതെല്ലാം നടത്തുന്നതിന് ഈ ഗവണ്മെൻറ് തയാറാണെന്ന കാര്യം അത്യന്തം ഗൗരവമായ ഭാഷയിൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. നീതിന്യായവകുപ്പിൽ യാതൊരുതരത്തിലുള്ള അഴിമതിയും കടന്നുകൂടുന്നതിനെ ഗവണ്മെൻറ് അനുവദിക്കുന്നതല്ല.

ഇനി എനിക്കൊന്നു പറയാനുള്ളത് ഈ ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരാകുന്നതിന് അന്യോദ്യോഗസ്ഥന്മാരും സഹായികളാണെന്നുള്ളതാണു. അന്യോദ്യോഗസ്ഥന്മാർ സഹായിക്കുകയില്ലെന്നുവരുകിൽ ഉദ്യോഗസ്ഥന്മാരിൽ അധികംതന്നെ കയ്ക്രൂഡിക്കാരാകുകയില്ല. നീതിന്യായവകുപ്പിലുള്ള കയ്ക്രൂഡിയെപ്പറ്റിയോ മറഴിമതികളെപ്പറ്റിയോ അറിഞ്ഞാൽ അതായതു സ്ഥലങ്ങളിലെ കോടതികളിൽ വ്യവഹരിക്കുന്ന വക്കീലന്മാർക്കും, അഡ്വക്കേറ്റന്മാർക്കും, ബാർ അസോസിയേഷനും അതു ഗവണ്മെൻറിനേറയൊ ഹൈക്കോടതിയുടേയൊ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണു്. അങ്ങനെ അഡ്വക്കേറ്റന്മാരും ബാർ അസോസിയേഷനും കോടതികളിലെ ഉദ്യോഗസ്ഥന്മാരുടെ സ്വഭാവവൈഷമ്യത്തെപ്പറ്റി യഥാസമയം ഹൈക്കോടതിയേയൊ ഗവണ്മെൻറിനേയൊ അറിയിക്കുകയാണെങ്കിൽ ആ നിമിഷത്തിൽതന്നെ അതിനുവേണ്ട കർശനമായ നടപടികൾ നടത്തുന്നതാണെന്നു് ഞാൻ പ്രത്യാശിച്ചുകൊള്ളുന്നു. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റെ അഴിമതിയെപ്പറ്റി ഹൈക്കോടതിക്കു് പരാതി കിട്ടുകയാണെങ്കിൽ ഇന്നത്തെ രൂപം അനുസരിച്ചു് ഹൈക്കോടതിയിൽനിന്നും ഒരു ജഡ്ജി ആ സ്ഥലത്തുപോയി അന്വേഷണം നടത്തി ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതും ആ റിപ്പോർട്ടിന്മേൽ ഹൈക്കോടതിയുടെ ശുപാർശയനുസരിച്ചു ഗവണ്മെൻറു നടപടികൾ കൈക്കൊള്ളുകയുമാണു ചെയ്തുവരുന്നതു.

MR. K. A. MATHEW: അങ്ങിനെയുള്ള അന്വേഷണങ്ങൾ പ്രയോജനപ്പെടാതെ പോയ സംഭവങ്ങൾ ഉണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി അറിയാമോ?

HON'BLE MR. A. J. JOHN: അന്വേഷണത്തിനായി ഹൈക്കോടതിയിൽനിന്നും ജഡ്ജിമാർ ചെല്ലുമ്പോൾ അതേപ്പറ്റി വേണ്ട തെളിവുകൾ കൊടുക്കുന്നതിനു അന്യോദ്യോഗസ്ഥന്മാർ തയാറാവുകയാണെങ്കിൽ ഒരിക്കലും അങ്ങനെ സംഭവിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. VARGHESE AGUSTIN (*Ambalapuzha III—General*) : ഈ മാതിരി കാര്യങ്ങളിൽ രഹസ്യമായ അന്വേഷണങ്ങളും നടത്തുന്നതിനു വല്ല വ്യവസ്ഥകളുമുണ്ടോ?

HON'BLE MR. A. J. JOHN : ഇതെല്ലാം ഉദ്ദേശിച്ചാണ് ഒരു അഴിമതിനിരോധനബിൽ ഗവണ്മെൻറിൽനിന്നും അവതരിപ്പിക്കുവാനുദ്ദേശിക്കുന്നതു .

MR. K. A. MATHEW : കുറച്ചുമുമ്പ് ആലപ്പുഴയിലെ ഒരു ജഡ്ജിയെപ്പറ്റി തിരുവിതാംകൂർ മുഴുവൻ പരാതികളും ഉണ്ടായിട്ടും ഈ നിയമസഭയിൽ ഒരു വാദപ്രതിവാദം നടന്നിട്ടും ആ ആളിനെപ്പറ്റി അന്വേഷണം നടത്തുന്നതിന് ഹൈക്കോടതിയിൽനിന്നുംപോയ ജഡ്ജി അദ്ദേഹം യാതൊരു കുറവും ചെയ്തിട്ടില്ലെന്നു പറഞ്ഞതായി അറിയാമോ?

HON'BLE MR. A. J. JOHN : അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ ഞാൻ പറയുന്നതു് അതിന്റെ ശരിയായ തെളിവു കൊടുക്കുന്നതിനു് സ്ഥലത്തെ അഡ്വക്കേറ്റന്മാരോ മറ്റു് അന്യോദ്യോഗസ്ഥന്മാരോ തയാറാകാതിരുന്നതുകൊണ്ടാണെന്നാണു്. ഈ അടുത്തകാലത്തുതന്നെ, അതായതു രണ്ടുമൂന്നു മാസത്തിനുമുമ്പു ഒരു മുനിസിപ്പിനെപ്പറ്റി ഹൈക്കോടതിക്കു് പരാതികൾ കിട്ടുകയും ഉടൻതന്നെ ഹൈക്കോടതിയിൽനിന്നും ഒരു ജഡ്ജിയെ ആ സ്ഥലത്തയച്ചു് അന്വേഷണം നടത്തുകയും ചെയ്തതിന്റെ ഫലമായി ആ മുൻസിപ്പു് കുറക്കാരനാണെന്നു കാണുകയും അയാളെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ടു് .

MR. K. A. MATHEW : ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുമ്പോൾ അവരുടെ പൂർവ്വകാല ചരിത്രംകൂടി അന്വേഷിച്ചു് അവർ സദ്ഭാവശുദ്ധിയുള്ളവരാണെന്നു മനസ്സിലാക്കിയിട്ടു നിയമിക്കാൻ ശ്രദ്ധിക്കുമോ?

HON'BLE MR. A. J. JOHN : അങ്ങിനെതന്നെയാണു് ഇപ്പോഴും ചെയ്യുന്നതു്.

MR. E. P. PAULOSE (*Muvattupuzha III—General*) : രഹസ്യമായി അന്വേഷണം നടത്താൻ ഇന്നയാൾ ഇന്ന ദിവസം വരുമെന്നു നേരത്തെ ഈ കുറക്കാരായ ഉദ്യോഗസ്ഥന്മാർ അറിയുന്നുണ്ടെന്നു മനസ്സിലാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : ഇപ്പോഴങ്ങിനെ അറിയുന്നുണ്ടെങ്കിൽ തന്നെയും മേലാൽ അങ്ങിനെ അറിയാതെതന്നെ അന്വേഷണം നടത്തുന്നതിനും ക്രടിയാണ് ഈ അഴിമതി നിരോധനബിൽ ഇവിടെ അവതരിപ്പിക്കുവാൻ പോകുന്നത്.

മറെറാരു കാര്യം എനിക്കു പറയാനുള്ളത് ഉദ്യോഗസ്ഥന്മാരുടെ അഴിമതിയെപ്പററി രഹസ്യമായോ പരസ്യമായോ ഹൈക്കോടതിക്കോ ഗവണ്മെൻറിനോ അറിവുകൊടുക്കുകയാണെങ്കിൽ അതു് സത്യമാണെന്നു ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രം വേണമെന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ്. സാമുദായികമായോ മതസംബന്ധമായോ ഉള്ള ചിന്തകളാൽ പ്രേരിതരായി അടിസ്ഥാരഹിതങ്ങളായ റിപ്പോർട്ടുകൾ അയയ്ക്കാതിരിക്കാനും അന്വദ്യോഗസ്ഥന്മാർ പ്രത്യേകം ശ്രദ്ധിക്കണം.

MR. C. NARAYANA PILLAI: ഈ പ്രമേയം ഹാജരാക്കിയ മെമ്പറോട് അദ്ദേഹം ഉദ്ദേശിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരുവിവരങ്ങൾ ഗവണ്മെൻറിലേക്ക് സമർപ്പിക്കാൻ ആവശ്യപ്പെട്ടുമോ?

HON'BLE MR. A. J. JOHN : ഞാൻ അദ്ദേഹത്തോട് ചോദിച്ചതിൽ ഒരു ഉദ്യോഗസ്ഥനെയാണ് അദ്ദേഹം ഉദ്ദേശിക്കുന്നതെന്നും ആ ഉദ്യോഗസ്ഥൻ ഇപ്പോൾ പെൻഷൻപററിയെന്നുമാണ് പറയുന്നത്.

MR. P. NANOO : അങ്ങിനെയല്ല ഞാൻ പറഞ്ഞത്. രഹസ്യമായി ആവശ്യപ്പെടുകയാണെങ്കിൽ വിവരമെല്ലാം പറയാമെന്നാണ് പറഞ്ഞത്.

HON'BLE MR. A. J. JOHN : അങ്ങിനെ വിവരം അറിയിക്കുകയാണെങ്കിൽ അതിന്മേൽ ഏതെല്ലാം നടപടികൾ നടത്താമോ ആ നടപടികളെല്ലാം എടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിച്ചുകൊള്ളുന്നു. ഗവണ്മെൻറുദ്യോഗത്തു നിന്നുതന്നെ അഴിമതിനിരോധന ബിൽ എന്ന പേരിൽ ഒരു ബിൽ ഇവിടെ ഹാജരാക്കുന്നുണ്ട്. അതിൻെറ ഉദ്ദേശം ജുഡീഷ്യൽ ഡിപ്പാർട്ടുമെൻറിലെ എന്നല്ല മറെറല്ലാ ഡിപ്പാർട്ടുമെൻറുകളിലെയും ഉദ്യോഗസ്ഥന്മാരുടെ ഇടയിൽനിന്നു കയ്ക്രൂലിയേയും അഴിമതിയേയും നിർമ്മാർജ്ജനം ചെയ്യണമെന്നുള്ളതാണ്. ഉദ്യോഗസ്ഥന്മാരുടെയിടയിൽ കയ്ക്രൂലിയും അഴിമതിയുമുണ്ടെന്നു ഇന്നു പരക്കെ ഒരു സംസാരമുണ്ട്. അതു് പരിപൂർണ്ണമായി ഇല്ലാതാക്കണമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്. അതിലേക്ക് ഇപ്പോഴുള്ള പീനൽകോഡിലെ ചില വകുപ്പുകളെ ഭേദഗതി ചെയ്യുന്നുണ്ട്. ഉദ്യോഗസ്ഥന്മാരുടെയിടയിലുള്ള അഴിമതികളെ സംബന്ധിച്ചിടത്തോളം അതു നിർദ്ദോഷം ഇല്ലാതാക്കണമെന്നാണ് ഗവണ്മെൻറ് ആശിക്കുന്നതു്. ഗവണ്മെൻറിൻെറ ഉദ്ദേശം സാധിതപ്രായമാകണമെങ്കിൽ അന്വദ്യോഗസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John.]

ന്മാരുടെ പരിപൂർണ്ണമായ സഹകരണം ഗവണ്മെൻറിന് അത്യാവശ്യമാണ്. അന്യോഗസ്ഥന്മാർ ഇക്കാര്യത്തിൽ ഗവണ്മെൻറിനോട് സഹകരിക്കുമെങ്കിൽ ഈ രാജ്യത്തുനിന്ന് ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെ പാടെ നീക്കംചെയ്യാൻ സാധിക്കുമെന്നാണ് ഗവണ്മെൻറ് വിശ്വസിക്കുന്നത്. ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരുടെ സഹായ സഹകരണങ്ങളും ഇക്കാര്യത്തിൽ ഗവണ്മെൻറിനു ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. ജൂഡീഷ്യറിയിലെ ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരാണെന്നു പറയുന്ന ഈ സഭയിലെ മെമ്പറന്മാർതന്നെ അതേപ്പറ്റിയുള്ള വിവരങ്ങളും തെളിവുകളും തരാൻ തയാറായിക്കാണുന്നില്ല. ആ സ്ഥിതിക്ക് ഗവണ്മെൻറ് എന്താണ് ചെയ്യേണ്ടതെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതെങ്കിലും ഒരു ഉദ്യോഗസ്ഥൻ കറപ്റ്റഡ് ആണെന്നു പറഞ്ഞതുകൊണ്ടുമാത്രം ഗവണ്മെൻറ് ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി നടത്തണമെന്നാണോ ഉദ്ദേശിക്കുന്നതെന്നും എനിക്കു മനസ്സിലാകുന്നില്ല.

MR. P. NANOO : അങ്ങനെ പറയുന്നതു് അങ്ങിനെയുള്ളവർ ഉണ്ടോ എന്നു് അന്വേഷണം നടത്തുന്നതിന് മതിയായ ഒരു കാരണമാകുകയില്ലേ?

HON'BLE MR A. J. JOHN : ഒരു അന്വേഷണം നടത്തുന്നതിനേക്കാൾ ആ വിവരം അറിവുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർതന്നെ വിവരം ഗവണ്മെൻറിനെ അറിയിക്കുകയാണെങ്കിൽ അതിനെ ആസ്പദമാക്കി ഗവണ്മെൻറിനു നടപടിനടത്താൻ എളുപ്പമായിരിക്കും. അല്ലാതെ തിയറിറ്റാക്രറിലുള്ളതായ നാൽപ്പതോ നാൽപ്പത്തഞ്ചോ മുനിസിപ്പന്മാരും, ഇരുപതോ ഇരുപത്തിരണ്ടോ ജഡ്ജിമാരും അഴിമതിക്കാരാണോ എന്നു് അന്വേഷിക്കുന്നതു് അത്ര എളുപ്പത്തിൽ സാധിക്കുന്ന ഒരു കാര്യമല്ല.

MR. CHERIYAN J. KAPPAN : ഇവിടെയുള്ള സി. ഐ. ഡി-ക്കാർക്ക് ഇതിനെപ്പറ്റി അന്വേഷിക്കാൻ പാടില്ലേ?

HON'BLE MR. A. J. JOHN : സി. ഐ. ഡി-ക്കാർ പലതും അന്വേഷിക്കുന്നുണ്ട്. അക്കൂട്ടത്തിൽ ഇതും അന്വേഷിക്കുന്നുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥൻ അഴിമതിക്കാരനാണെന്ന് അവർ പറഞ്ഞാൽ അതിന്മേൽ ഗവണ്മെൻറ് നടപടികളും നടത്തുന്നുമുണ്ട്.

MR. D. GNANASIGAMONY : What is the Government's action in respect of the allegation about the interference of the Executive on the Judiciary?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE Mr. A. J. JOHN : ജുഡീഷ്യറിയിൽ എക്സിക്യൂട്ടീവ് കൈകടത്തുന്നതായി ഇപ്പോൾ എനിക്ക് യാതൊരറിവുമില്ല. ഇന്നത്തെ ഗവണ്മെന്റ് ജുഡീഷ്യറിയിൽ യാതൊരു വിധത്തിലും കൈകടത്തുന്നതല്ലെന്ന വളരെ വ്യക്തമായ ഭാഷയിൽ തന്നെ ഞാൻ പറഞ്ഞുകൊള്ളുന്നു. അങ്ങിനെ കൈകടത്തണമെന്ന ഉദ്ദേശവും ഇന്നത്തെ ഗവണ്മെന്റിനില്ലെന്ന വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

MR. D. GNANASIGAMONY : Then will it not be desirable to separate the Judiciary from the executive at an early date ?

HON'BLE MR. A. J. JOHN : അതു വളരെ ഗൗരവമേറിയ ഒരു സംഗതിയാണ്. അതിനു പെട്ടെന്നു ഉത്തരം പറയാൻ സാദ്ധ്യമല്ല. ഇൻഡ്യയിൽ പല പ്രവിൻസുകളിലും ഇതിനെപ്പറ്റി ആലോചനകൾ നടക്കുന്നുണ്ട്. അവിടങ്ങളിലെങ്ങും ഒരു തീർച്ചയായ തീരുമാനം ഇതിനെ സംബന്ധിച്ച് ഉണ്ടായിട്ടുള്ളതായി അറിയുന്നില്ല.

MR. ABDUL RAZAAK : Why not we set an example to Indian Union and other Government' ?

HON'BLE MR. A. J. JOHN : പല സംഗതികളിലും എക്സാമ്പിൾ കൊടുക്കാൻ സാധിക്കുമെങ്കിൽ നന്നായിരിക്കും പക്ഷേ മുറുമുറുപ്പുകൂടി അതിനനുകൂലമായിരിക്കണം. അതുകൊണ്ടു ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളോടു വീണ്ടും എനിക്കു പറയാനുള്ളതു് ജുഡീഷ്യറിയിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരോ കറപ്റ്റുകാരോ ആണെന്ന് അവരുടെ അനേഷണത്തിൽ ബോദ്ധ്യമായാൽ, അവരുടെ മനസ്സാക്ഷിയനുസരിച്ച് അതു ശരിയാണെന്ന് തോന്നിയാൽ, ഹൈക്കോടതിയേയോ, ഗവണ്മെന്റിനേയോ അവർ ഔദ്യോഗികമായി അറിയിക്കണമെന്നും അങ്ങിനെ അറിയിക്കുന്നപക്ഷം അവരുടെ മേൽ കർശനമായ നടപടികൾ നടത്തുവാൻ ഗവണ്മെന്റു തയാറാണെന്നുമാണ്. ഗൗരവാവഹമായ കുറ്റങ്ങളും ഒരുദ്യോഗസ്ഥന്റെ പേരിൽ ഉണ്ടെന്നു തെളിഞ്ഞാൽ ഒരു മിനിട്ടുപോലും ആ ഉദ്യോഗസ്ഥനെ ഉദ്യോഗത്തിൽ വച്ചുകൊണ്ടിരിക്കുന്നതല്ലെന്നു പ്രസ്താവിച്ചുകൊള്ളുന്നു. ഈ പ്രശ്നത്തെപ്പറ്റി ഇതിൽ കൂടുതലായി ഒന്നും ഇപ്പോൾ എനിക്കു പറയാനില്ല.

കോടതിയെപ്പറ്റി ഇവിടെ പറയുകയുണ്ടായി ഇതേപ്പറ്റി പല അഭിപ്രായങ്ങളും ചിലരൊ ഉദ്യോഗസ്ഥന്മാരെപ്പറ്റിയും ഉണ്ടാകാറുണ്ട്. ചില ഉദ്യോഗസ്ഥന്മാർ വളരെ സത്യവന്മാരായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John.]

പക്ഷെ കായ്ശേഷി കുറച്ചു കുറവായി എന്നു വരാം. ഏതായാലും കായ്ശേഷിയെ അളക്കുന്നതിന് യാതൊരു മാനദണ്ഡവും ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതായി അറിവില്ല. നിവൃത്തിയുള്ളിടത്തോളം കായ്ശേഷിയുള്ളവരെതന്നെ നിയമിക്കണമെന്നാണ് ഗവണ്മെൻറിന്റെ ഉദ്ദേശം. എന്നാൽ അതേ സമയത്തു് സാമുദായിക പ്രാതിനിദ്ധ്യതത്വംകൂടി നോക്കണമെന്നുള്ളതുകൊണ്ടു് ചിലപ്പോൾ അല്പം കായ്ശേഷി കുറഞ്ഞയാളുകളേയും നിയമിക്കേണ്ടിവന്നേക്കാം. ഈ തത്വങ്ങളെ വച്ചുകൊണ്ടു് എതെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യാമെന്നല്ലാതെ മറ്റൊന്നും പറയാൻ ഇപ്പോൾ എനിക്കു സാധ്യമല്ല. ഈ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പറോടു് എനിക്കു അഭ്യർത്ഥിക്കാനുള്ളതു് അദ്ദേഹത്തിന്റെ പ്രമേയത്തിന്റെ തത്വത്തോടു ഗവണ്മെൻറു യോജിക്കുന്നുവെന്നും അതിനാൽ അദ്ദേഹത്തിനു അറിവുള്ള വിവരങ്ങളെല്ലാം അദ്ദേഹം ഗവണ്മെൻറിനു് നല്കാൻ ശ്രമിക്കണമെന്നുമാണു്. അങ്ങിനെ ചെയ്യുന്നപക്ഷം അതിന്മേൽ ആവശ്യമായ എല്ലാ നടപടികളും എടുക്കുന്നതാണെന്നു ഉറപ്പുകൊടുക്കുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

MRS. DEVAKI GOPIDAS : പഞ്ചായത്തുകോടതികളിലെ പുറിയുള്ള അയ്യരോപണങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി എന്താണെന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. A. J. JOHN : പഞ്ചായത്തുകോടതികളിൽ ജഡ്ജിമാരുടെ നിയമനം നടത്തുന്നതു് ഡിവിഷൻ പേഷ്കാരന്മാരുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണു്. സാധാരണയായി ഒരു സ്ഥലത്തുനിന്നും മുന്നുപേരുടെ പേരുകൾ ഡിവിഷൻ പേഷ്കാർ നിർദ്ദേശിക്കുകയും അവരിൽ ഒരാളെ ഗവണ്മെൻറു തിരഞ്ഞെടുക്കുകയുമാണു് പതിവു. അതിലും സാമുദായിക പ്രാതിനിദ്ധ്യം നോക്കാറുണ്ടു. പഞ്ചായത്തുകോടതികളിലെ ജഡ്ജിമാരുടെ ഇടയിൽ കുറെ കായ്ശേഷിക്കുറവുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിനും അറിയാമെന്നുള്ളതാണു്. ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി പഞ്ചായത്തുകോടതികളിൽ ഏഴോ എട്ടോ കേസുകൾ മാത്രമെ കാണുകയുള്ളു എന്നു്. കേസു കുറവായതുകൊണ്ടു പടിവാങ്ങാൻ ജഡ്ജിമാർ അവധി മാറിവച്ചു സിറിംഗ് കൂട്ടാൻ ശ്രമിക്കുന്നുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായി. ജഡ്ജിമാക്കു് ഒരു സിറിംഗിനു് രണ്ടുരൂപായോ അല്ലെങ്കിൽ മാസത്തിൽ മുപ്പതുരൂപയിൽ കുടാത്തതായ ഒരു പ്രതിഫലമോ ആണു് ഇപ്പോൾ നല്കുക

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതു്. ചെറിയ ചെറിയ കേസുകൾ വിസ്തരിച്ചു് വിധിക്കുന്നതിനു ഒരു അനുഭവോഗസ്ഥ ജഡ്ജിക്കു് കായ്ശേഷിയുണ്ടെന്നുള്ള വിശ്വാസത്തോടുകൂടിയാണു് ഗവണ്മെൻറു് ഇപ്രകാരം ഒരു ഏർപ്പാടു് ചെയ്തിരിക്കുന്നതു്. അതിന്റെ തത്വത്തെപ്പറ്റി അധികം കൂടുതൽ പറയാൻ സാധ്യമല്ല.

MR. P. NANOO : പേഷ്ക്കാർ അയയ്ക്കുന്ന ലിസ്റ്റിന്റെ ഉൽഭവസ്ഥാനം പാർവത്യകാരന്മാരാണോ?

HON'BLE MR. A. J. JOHN : സാധാരണ തഹശീൽദാരന്മാരാണു്. തഹശീൽദാർ ലിസ്റ്റു തയാറാക്കി പേഷ്ക്കാർക്കു് അയയ്ക്കും. പേഷ്ക്കാർ അതു് ഗവണ്മെൻറിലേയ്ക്കു് അയക്കും. അങ്ങിനെയാണു നടന്നുവരുന്നതു്.

MR. P. NANOO : ഈ പതിവു നിറുത്തണമെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. A. J. JOHN : ഈ പതിവു നിറുത്തിയാലും മറ്റേതെങ്കിലും ഒരു ഏജൻസിയിൽനിന്നു അറിവുകിട്ടാതെ പഞ്ചായത്തുകോടതികളിലേക്കു് ജഡ്ജിമാരെ നിയമിക്കാൻ ഗവണ്മെൻറിനു് സാധ്യമല്ല. ഒരു താലൂക്കിലുള്ള ആളുകളിൽ ജഡ്ജിയായി നിയമിക്കുന്നതിനു യോഗ്യതയുള്ള ആളുകളെ അന്വേഷിച്ചറിയുന്നതിനു് തഹശീൽദാരന്മാർക്കായിരിക്കും കൂടുതൽ സൗകര്യമുണ്ടായിരിക്കുക. അതിനു വിപരീതമായി ഒരു അനുഭവോഗസ്ഥനെ മുമതലപ്പെടുത്തിയാലും കുഴപ്പം ഉഴപ്പും ഉണ്ടാകുന്നതാണു്. അതുകൊണ്ടാണു് ഗവണ്മെൻറു് പേഷ്കാരുടെ റിപ്പോർട്ടു് അനുസരിച്ചു് പഞ്ചായത്തുജഡ്ജിമാരുടെ നിയമനം നടത്തുന്നതു്.

MR. P. NANOO : ഇതിനേക്കാൾ നല്ലതായ മാർഗ്ഗം കണ്ടുപിടിക്കാൻ ശ്രമിക്കുമോ?

HON'BLE MR. A. J. JOHN : ആലോചിക്കാം.

MR. P. NANOO : രണ്ടുരൂപ അലവൻസ് വച്ചിരിക്കുന്നതു് നിരുത്സാഹജനകമല്ലേ?

HON'BLE MR. A. J. JOHN : സാധാരണ വണ്ടിയിലും മറ്റും വരുന്ന ഒരുവിധം ഭേദപ്പെട്ടവരായ ജഡ്ജിമാരുടെ വാഹനച്ചിലവിലേയ്ക്കായിട്ടാണു് ഈ രണ്ടുരൂപ അലവൻസ് വച്ചിരിക്കുന്നതു്. അതു നിറുത്തിയാൽ ജഡ്ജിമാർ കോടതിയിൽ വരാതിരുന്നുവെന്നും വന്നേക്കാം. അതുകൊണ്ടു് ഇപ്പോഴത്തെ സ്ഥിതിക്കു് അതു നിറുത്തലാക്കാൻ സാധുവാണെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO : ഒരു സിറ്റിംഗിനു രണ്ടുരൂപാ എന്നു വച്ചിരിക്കുന്നതുകൊണ്ടു കേസുകൾ അവധിമാറ്റി സിറ്റിംഗ് കൂട്ടുന്നുണ്ടെന്നറിയാമോ?

HON'BLE MR. A. J. JOHN : ഇപ്പോൾ പഞ്ചായത്തുകോടതികളിൽ ധാരാളം കേസുകൾ ഉണ്ടെന്നു വിവരിച്ചും കൂടുതൽ ജഡ്ജിമാരെ നിയമിക്കണമെന്നു ആവശ്യപ്പെട്ടും ഹൈക്കോടതിയിൽനിന്നും റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്: ആ സ്ഥിതിക്ക് കേസുകൾ കുറവാണെന്നും സിറ്റിംഗ് കൂട്ടുന്നുവെന്നും പറയുന്നതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല.

MR. P. NANOO : ചിറയിൻകീഴും ആറങ്ങലും പഞ്ചായത്തു കോടതികളിൽ ഇങ്ങനെ സിറ്റിംഗ് കൂട്ടുന്നുണ്ടോയെന്നു ഗവണ്മെൻറു അന്വേഷിക്കുമോ ?

HON'BLE MR. A. J. JOHN: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുകൊണ്ടു അതുപ്പറ്റി അന്വേഷിക്കാതെതന്നെ അതു സ്വീകരിക്കാൻ ഞാൻ തയാറാണു്.

MR. T. T. KESAVAN SASTRI : സമുദായ പ്രാതിനിധ്യത്തത്വം സ്വീകരിച്ചുകൊണ്ടുകൂടിയാണു് ഈമാതിരി കായ്ശേഷിക്കുറവുണ്ടാകുന്നതെന്നു ഇവിടെ പറഞ്ഞുകേട്ടു. അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്കു പറയാനുള്ളതു് എന്താണെന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. A. J. JOHN: ചിലയാളുകൾ കായ്ശേഷിയില്ലാത്തവരാണെന്ന ആരോപണം ഉണ്ടായിട്ടുണ്ടു്. അതെല്ലാം എടുത്തുകൊണ്ടാണെന്നു പറയാൻ എനിക്കു് നിവൃത്തിയില്ല. ചിലപ്പോൾ അതുകൊണ്ടുമായിരിക്കാം.

MR. T. A. MOIDEEN KUNJU : ഈ കായ്ശേഷി കുറഞ്ഞവരെയാണോ ബഹുമാനപ്പെട്ട മന്ത്രി കുറച്ചുമുമ്പു ഭേദപ്പെട്ടവരെന്നു പറഞ്ഞതു്?

HON'BLE MR. A. J. JOHN: ഞാൻ പറഞ്ഞതിൽനിന്നും അങ്ങനെ അർത്ഥമാകുന്നില്ല.

MR. P. NANOO : ഞാൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തിനു് പല ആക്ഷേപങ്ങളും പറഞ്ഞുകേട്ടു. അതിൽ അതിപ്രധാനമായിട്ടുള്ളതിനെങ്കിലും മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നു. സമുദായ പ്രാതിനിധ്യത്തത്വം സ്വീകരിച്ചുകൊണ്ടു യോഗ്യതയുള്ളവരെ കിട്ടാതെ പോകുന്നുണ്ടെന്നു ഇവിടെ പറയുകയുണ്ടായി. സർ, വിദ്യാഭ്യാസത്തിൽ വളരെ മികച്ചു നിൽക്കുന്ന ബ്രാഹ്മണർ, നായർ, ക്രിസ്ത്യാനികൾ ഈ സമുദായങ്ങളിൽപ്പെട്ടവരിൽ ശേഷിക്കുറവും അയോഗ്യതയും ഉള്ളവർ കാണുന്നു്

LIBRARY ARCHIVES Kerala Legislative Assembly

സമുദായ പ്രാതിനിധ്യതത്വം സ്വീകരിച്ചുകൊണ്ടാണോ? നിശ്ചയമായ്ട്ടും അല്ല. ഒരു സമുദായത്തിലുള്ള ആളിനെത്തന്നെ തിരഞ്ഞെടുക്കണമെന്നുണ്ടെങ്കിലും ആ സമുദായത്തിലെ ആളുകളിൽതന്നെ കൂടുതലായ യോഗ്യതയുള്ള വരെ തിരഞ്ഞെടുത്താൽ ഈ ശേഷിക്കുറവുണ്ടാകുകയില്ല. അതുപോലെതന്നെ സമുദായ പ്രാതിനിധ്യതത്വം സ്വീകരിക്കുന്നതോടൊപ്പംകൊണ്ടുപ്രാപ്തിക്കുടിനോക്കി ആളുകളെജോലിക്കുനിയമിക്കുന്നപക്ഷം വലിയ കുഴപ്പങ്ങളൊന്നും ഉണ്ടാകാനിടയില്ല. അതുകൊണ്ടു എനിക്കു പറയാനുള്ളതു തത്വത്തിലല്ല നേരേമറിച്ചു തിരഞ്ഞെടുപ്പിലാണ് ദോഷം കിടക്കുന്നതെന്നാണ്. എന്റെ സ്നേഹിതൻ മി. വറുഗീസ് പറഞ്ഞു എന്റെ പ്രമേയംകൊണ്ടു തിരുവിതാംകൂറിലുള്ള നീതിന്യായ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥന്മാരും അയോഗ്യന്മാരും അപ്രാപ്തന്മാരുമാണെന്നാണ് വരുന്നതെന്നു്. എന്റെ പ്രമേയം വായിച്ചുനോക്കിയിരുന്നുവെങ്കിൽ അദ്ദേഹം അങ്ങിനെ പറയുകയില്ലായിരുന്നു. എന്റെ പ്രമേയത്തിൽ ഇങ്ങനെയാണ് പറയുന്നതു്. 'നീതിന്യായ വകുപ്പിലിരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽ കായ്ശേഷിയോ സ്വഭാവഗുണമോ ഇല്ലാത്തവരേയോ കുറഞ്ഞവരേയോ' എന്നാണ്. മാത്രമല്ല എന്റെ ഒരു സ്നേഹിതന്റെ ചോദ്യത്തിനു മറുപടിയായി ഈ ഓരോ എലിമെൻറും പ്രത്യേകം പ്രത്യേകം തിരിക്കുമ്പോൾ ൪൦ ശതമാനം ആളുകളെയെ ബാധിക്കുകയുള്ളു എന്നു പറഞ്ഞതുകൊണ്ടുതന്നെ ശേഷിയുള്ളവരും കയ്ക്രുലിയില്ലാത്തവരും ആയ ആളുകൾ ഇല്ലെന്നു ഞാൻ പറഞ്ഞില്ലെന്നു മനസ്സിലാക്കാമായിരുന്നു. മി. ജോസു പറയുന്നു ഞാൻ ഇതിൽ കായ്മായ നിർദ്ദേശങ്ങളൊന്നും കൊടുത്തിട്ടില്ലെന്നു്. കായ്മായ നിർദ്ദേശംതന്നെ ഞാൻ കൊടുത്തിട്ടുണ്ടു്. അയോഗ്യന്മാരുണ്ടെങ്കിൽ അവരെ പുറത്തു തള്ളണമെന്നുതന്നെയാണ് ഞാൻ പറയുന്നതു്.

MR. P. M. VARUGHESE: A point of order. The mover has not said whether he is going to withdraw. If he is going to withdraw no discussion can be allowed.

MR. PRESIDENT: Please proceed, Mr. Nanoo.

MR. P. NANOO: എനിക്കു മറുപടി പറയാനുള്ള അവകാശം ഉണ്ടെന്നുള്ള ധാരണയോടുകൂടിത്തന്നെയാണ് ഞാൻ ഇതു പറയുന്നതു്. ബഹുമാനപ്പെട്ട മന്ത്രി അവർകളും മി. ജോസും ചോദിച്ചു ഇവിടെ അയോഗ്യന്മാരും കയ്ക്രുലിക്കാരുമുണ്ടെങ്കിൽ അവരെ എങ്ങിനെ കണ്ടുപിടിക്കാമെന്നു്. ഇവിടെ കുറ്റക്കാരെ എങ്ങിനെ കണ്ടുപിടിക്കുന്നു, അതു മാത്രം മതി അതിനും. അതുകൊണ്ടു ഞാൻ പ്രത്യേകം സജഷൻസ് ഒന്നും കൊടുക്കണമെന്നു് ഉദ്ദേശിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. N. DANIEL JOSE: Can efficiency also be measured by the C. I. D. and the Police?

MR. P. NANJO: It can be measured by the High Court and in respect of the High Court Government may find it out.

MR. C. NARAYANA PILLAI: ബഹുമാനപ്പെട്ട മെമ്പർതന്നെ കള്ള ന്മാരുടെ പേരുപറയാൻ മടിച്ചാൽ പിന്നെ എങ്ങിനെ കണ്ടുപിടിക്കും?

MR. P. NANJO: കള്ളന്മാരുടെ പേരു പറയാൻ മടിക്കുകയല്ല പറ യാതിരിക്കുകയാണ് ചെയ്തത്. പറയേണ്ട സ്ഥാനത്തു പറയാമെന്നു പറഞ്ഞു. ഇതുകൊണ്ടു ഈ വിഷയത്തിൽ എന്റെ സ്നേഹിതനുള്ള സംശയം തീർന്നിരിക്കുമെന്നു വിശ്വസിക്കുന്നു.

അതുകൊണ്ടു എനിക്കു അവസാനമായി പറയാനുള്ളത് നീതിന്യാ യ വകുപ്പിലെ ഉദ്യോഗസ്ഥന്മാരിൽ അയോഗ്യന്മാർ ആരെല്ലാമുണ്ടെന്നു അന്വേഷിച്ചറിഞ്ഞു പീരിയാഡിക്കൽ റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ഹൈക്കോടതിയോടു ആവശ്യപ്പെടണമെന്നും അതിൽ അയോഗ്യന്മാ രെന്നു തെളിയുന്നവരെ യാതൊരു ദാക്ഷിണ്യവും കാണിക്കാതെ പുറത്താ യ്ക്കണമെന്നുമാണ്. ബഹുമാനപ്പെട്ട മന്ത്രി കയ ക്കുലിക്കാരുടെയും അഴിമതിക്കാരുടെയും വിവരങ്ങൾ നൽകിയാൽ അവരുടെമേൽ കർശന മായ നടപടികൾ നടത്താമെന്നു നൽകിയ ഉറപ്പിനെ ആസ പദമാക്കി ഈ പ്രമേയത്തിന്റെ തത്വത്തെ ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടെന്നു കാണുന്ന സ്ഥിതിക്കു എന്റെ പ്രമേയം പിൻവലിക്കുവാൻ സഭയുടെ അനുവാദം അഭ്യർത്ഥിക്കുന്നു.

(സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചു).

RESOLUTION No. 2.

RULES RELATING TO PLACES OF PUBLIC WORSHIP, ETC. CEMETERIES ETC.

MR. A. NESAMONY: I move:

"This Assembly resolves that the Notification ROC No. 220/42/ Genl., dated April 6, 1946 containing Part I rules relating to places of public worship and Part II rules relating to cemeteries and crematoria be cancelled."

The subject matter of this resolution is not new to the party in power because at every session of their conference they have resolved that this notification be cancelled and especially at the conference of the State Congress held in Quilon, if I remember correctly, a resolution was passed that this notification

LIBRARY ARCHIVES Kerala Legislative Assembly